ശ്ലൈഹിക ആശംസ

# ആത്മവീര്യം നെഞ്ചിലേറ്റിയ **ആബൂൻ**

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചെങ്ങന്നൂർ മെത്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പൊലീത്താ 80-ന്റെ നിറവിലെത്തിയിരിക്കുകയാണല്ലോ. മലങ്കര സയുടെ സീനിയർ മെത്രാപ്പൊലീത്താ ആയ അദ്ദേഹത്തിന് ഹൃദയം നിറഞ്ഞ പ്രാർത്ഥനകളും അനുഗ്രഹങ്ങളും നേരുന്നു. മെത്രാപ്പൊലീത്താ സ്ഥാനത്ത് പൂർണ്ണ വിശ്വസ്തതയോടും ദൈവാശ്രയത്തോടുംകൂടെ 33 വർഷങ്ങൾ ശുശ്രൂഷ ചെയ്യുവാൻ ദൈവം അദ്ദേഹത്തെ അനുഗ്രഹിച്ചതോർത്ത് നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരിപൂർണ്ണ സമർപ്പണത്തോടും, ദൈവാശ്രയത്തോടുംകൂടി പാണ്ഡിത്യം, നിയമാവബോധം, കൃത്യനിഷ്ഠ, ആത്മാർത്ഥത എന്നിവ കൈമുതലാക്കിക്കൊണ്ട് തന്നെ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും അനുഗ്രഹകരമായി നിറവേറ്റുവാൻ അദ്ദേഹത്തിന് സാധിച്ചു. ക്രമീകൃതമായും കൃത്യതയോടെയും പരിപാടികൾ ആസൂത്രണം ചെയ്യുവാനും ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും എപ്പോഴും ഉത്സുകനായ അഭിവന്ദ്യ പിതാവിന്റെ മാതൃക നമുക്കും അനുകരണീയമാണ്. മാർത്തോമ്മാ നസ്രാണിയുടെ ആത്മവീര്യവും അഭിമാനബോധവും നെഞ്ചിലേറ്റിക്കൊണ്ട് പൗരസ്ത്യ കാതോലിക്കേറ്റിന്റെ മഹത്വം അദ്ദേഹം എന്നും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഏറെ ഗുണപരമായ ഇടപെടലുകൾ നടത്തുവാൻ എന്നും പരിശ്രമിക്കുന്ന അഭിവന്ദ്യ തിരുമേനി പ്രകൃതിയോടും പരിസ്ഥിതിയോടും ഇണങ്ങി ജീവിക്കുവാനും, ജൈവകൃഷി, വിളപരിപാലനം മുതലായവയിൽ പൂർണ്ണ ശ്രദ്ധ ചെലുത്തിക്കൊണ്ട് പ്രകൃതി സംരക്ഷണത്തിന് നല്ല മാതൃക പകർന്നു നല്കുവാനും തിരുമേനി നടത്തുന്ന ശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്. ചെങ്ങന്നൂർ മെത്രാസനത്തെ മലങ്കര സഭയിലെ ഒരു മാതൃകാ ഭദ്രാസനമായി വളർത്തിക്കൊണ്ടുവരുവാൻ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനിക്ക് ആയുരാരോഗ്യ സൗഖ്യം നേരുന്നു. അശീതിയുടെ നിറവിലെത്തി നില്ക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് എല്ലാ അനുഗ്രഹങ്ങളും നേരുന്നു. ബഥേൽ പത്രികാ പ്രസിദ്ധീകരിക്കുന്ന പ്രത്യേക പതിപ്പിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.





ഇടയപത്രിക

# ഭരണ നൈപുണ്യത്തിലെ **അത്താനാസിയോസ് ടച്ച്**

കർത്താവിൽ പ്രിയരേ....

വി.സഭ വ്രതശുദ്ധിയിൽ പരി.നോമ്പിന്റെ മധ്യത്തിലേക്ക് പ്രവേശിക്കുകയാണ്. കർത്താവിന്റെ പെസഹായിലേക്കും അതുവഴി അവന്റെ ഉയർത്തെഴുനേൽപ്പിനും പങ്കുകാർ ആകുന്നതിനും, സാക്ഷ്യം വഹിക്കുന്നതിനും ഉള്ള ശുദ്ധികരണ കാലമായിട്ടുവേണം പരി.നോമ്പിനെ നാം സമീപിക്കേണ്ടത്.

ദേഹേശ്ചകളുടെ സമ്മർദ്ദത്തിൽ നിന്ന് ദൈവികതയുടെ കരവലയത്തിലേക്ക് നമ്മെ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗം ആണ് നോമ്പ് .നോമ്പ് നോക്കുന്നവർ മാലാഖമാർക്ക് സമൻ ആകുന്നു എന്ന് പരി.പിതാക്കന്മാർ നമ്മെ ഓർമ്മിപ്പിക്കുന്നതിലെ ദർശനം ഇതാണ്. നോമ്പ് കാലം നാം ഭൗതിക സുഖലോലുപതയിൽ നിന്ന് മാറി ദൈവിക സാമിപ്യത്തിൽ കഴിയുന്നതിന് വേർതിരിക്കണം. ദൈവത്തോട് അടുക്കുന്നതിനും, മാലാഖമാർക്ക് സദൃശ്യർ ആകുന്നതിനും, കഷ്ടാനുഭവത്തിൽ അവനോട് കൂടെ കഷ്ടം അനുഭവിപ്പാനും പരി. പെസഹ വിശുദ്ധിയോട് കൂടെ ഭക്ഷിക്കുന്നതിനും. നിത്യജീവന്റെ അവകാശികൾ ആകുന്നതിനും ഈ പരി.നോമ്പ് നമ്മെ സഹായിക്കട്ടെ..

വീണ്ടും പ്രിയരേ,

നമ്മുടെ വലിയ തിരുമേനിയുടെ ജന്മദിന വിശേഷാൽ പതിപ്പായി ഈ ലക്കം ബഥേൽ പത്രിക പ്രസിദ്ധികരിച്ചു കാണുന്നതിൽ നമുക്ക് അതിയായ സന്തോഷം ഉണ്ട്.

ചെങ്ങന്നൂർ ഭദ്രാസന അധിപൻ എന്ന നിലയിൽ നമ്മുടെ തിരുമേനി വി.സഭക്ക് നൽകിയിട്ടുള്ള സേവനങ്ങൾ എല്ലാം ഈ ഒരു താളിൽ വിവരിക്കുന്നതിന് മുതിരുന്നത് ബുദ്ധി പരമല്ല എന്ന ബോധ്യത്തിൽ തന്നെ ചില കാര്യങ്ങൾ ഈ അവസരത്തിൽ പറയാതിരിക്കുന്നതിനും കഴിയുന്നില്ല. ജീവിതചര്യയിലും, ഭരണ നൈപുണ്യത്തിലും ഒരു 'അത്താനാസിയോസ് ടച്ച്' എപ്പോഴും അഭി.പിതാവ് സൂക്ഷിച്ചു എന്ന് പലപ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്. നമുക്ക് വളരെ നിസാരം എന്ന് തോന്നുന്ന കാര്യങ്ങളിൽ പോലും, വളരെ ശ്രദ്ധയോടെ നോക്കി കാണുന്നു എന്ന തിരുമേനിയുടെ കഴിവ് പ്രശംസിക്കാതിരിക്കാൻ തരമില്ല. വിദ്യാഭ്യാസ വിചക്ഷണൻ, ശ്രേഷ്ഠനായ ഭരണ കർത്താവ്, കാർക്കശ്യമുള്ള മെത്രാപ്പോലീത്ത എന്നി നിലകളിൽ എല്ലാം തന്നെ തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച പിതാവാണ് അഭി.തിരുമേനി. വിദ്യാഭ്യാസ മേഖലയിൽ അഭി. തിരുമേനിയുടെ പ്രവർത്തനം എടുത്ത് പറയേണ്ടതാണ്. ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നിങ്ങനെ കേരളത്തിന് പുറത്തും, സഭയുടെ സ്കൂളുകളുടെ ചുമതലയിൽ ഇരിക്കുമ്പോൾ കേരളത്തിന് അകത്തും ധാരാളം പരിഷ്ക്കാരങ്ങൾ വിദ്യാഭ്യാസ രംഗത്ത് വരുത്തുന്നതിൽ അഭി. തിരുമേനി നിർണ്ണായകമായ പങ്ക് വഹിച്ചു.

ചെങ്ങന്നൂരിന്റെ പ്രഥമ മെത്രാപ്പോലീത്ത എന്ന നിലയിൽ നമ്മുടെ ഈ ഭദ്രാസനത്തെ മറ്റ് ഭദ്രാസനങ്ങളോട് കിടപിടിക്കതക്ക വണ്ണം മികച്ച ഭദ്രാസനമാക്കിതീർത്ത് അതിന്റെ മുഖച്ഛായ തന്നെ തന്റേതായ ഒരു കമനിയത നൽകി അഭൂതപൂർവമായ വളർച്ചയുടെ പന്ഥാവിലേക്ക് നയിക്കുന്നു എന്ന് ഇവിടെ കുറിക്കുന്നതിൽ അദ്ദേഹത്തിന്റെ സഹായ മെത്രാപ്പോലീത്ത എന്ന നിലയിൽ എനിക്ക് അതിയ സന്തോഷം ഉണ്ട്. മലങ്കര സഭയുടെ ബാഹ്യകേരള ഭദ്രാസനത്തിന്റെ വികസനത്തിൽ അഭി.തിരുമേനിയുടെപ്രവർത്തങ്ങൾ വിലമതിക്കാൻ ആവാത്തതാണ്. ദേവാലയങ്ങൾ ഇല്ലാതിരുന്ന പല പ്രദേശങ്ങളിലും യാത്രാ സൗകര്യങ്ങൾ പോലും ഇല്ലാതെ ദീർഘ ദൂരം സഞ്ചരിച്ച് ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും, നമ്മുടെ വിശ്വാസികളെ സഭയോട് ചേർത്ത് നിർത്തുന്നതിനും അഭി.തിരുമേനി വഹിച്ചിട്ടുള്ള ത്യാഗം തലമുറകൾക്ക് ഒരു വലിയ പ്രചോദനമാണ്. എത്ര ക്ഷീണമുള്ള അവസ്ഥയിലും ആരാധന ഏറ്റവും ഹൃദ്യവും, മനോഹരവും ആക്കുന്നതിൽ അഭി.തിരുമേനി കാണിക്കുന്ന ശ്രദ്ധ അനുകരണീയമാണ്. ആരാധനയിൽ ഉള്ള ക്രമീകരണത്തിലും അതിന്റെ പങ്കാളിത്തത്തിലും തിരുമേനി വളരെ ശ്രദ്ധിച്ചു പ്രവർത്തിക്കുന്നത് കാണാം. പട്ടംകൊട പോലെ ഉള്ള ശുശ്രൂഷകൾ നടക്കുമ്പോൾ ഓരോരുത്തർക്കും ഉള്ള സ്ഥാനങ്ങൾ എന്ത്, ശുശ്രൂഷയിൽ നിർവഹിക്കുവാനുള്ള ഉത്തരവാദിത്വം എന്ത് എന്നിങ്ങനെ ഉള്ള കാര്യങ്ങളിൽ എല്ലാം തലേന്നു തന്നെ തിരുമേനി വേണ്ട ക്രമീകരണം നടത്താറുണ്ട്.

അഭി.വലിയ തിരുമേനിക്ക് ഒപ്പം ഈ ഭദ്രാസനത്തെ ശുശ്രൂഷിക്കുവാൻ എനിക്ക് കിട്ടിയ അവസരം വലിയ അനുഗ്രഹമായി കാണുന്നു. പിറന്നാൾ നിറവിൽ നിൽക്കുന്ന നമ്മുടെ തിരുമേനിക്ക് എല്ലാ ആശംസകളും, പ്രാർത്ഥനകളും ഈ അവസരത്തിൽ നേരുന്നതോടൊപ്പം നമുക്ക് വലിയ ഇടയനായി വി. സഭയെ ദീർഘനാൾ ശുശ്രൂഷിക്കുവാൻ തമ്പുരാൻ ആയുരാരോഗ്യം നൽകി അനുഗ്രഹിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു

ശേഷം പിന്നാലെ

ദൈവം അനുഗ്രഹിക്കട്ടെ

**ഡോ മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത**

# അക്ഷരോപാസകന് **അക്ഷരഹാരം**

പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചുതിരുമേനി (കാതോലിക്കേറ്റിന്റെ രത്നദീപം)യുടെ ദീർഘവീക്ഷണഫലമായി രൂപംകൊണ്ട ചെങ്ങന്നൂർ ഭദ്രാസനത്തെ 33 വർഷം വജ്രശോഭയോടെ നയിച്ച അദ്ദേഹത്തിന്റെ സഹോദരപുത്രൻ അഭിവന്ദ്യ അത്താനാസിയോസ് തിരുമേനി അശീതിയുടെ പൂർണ്ണതയിലേക്ക് കാലെടുത്തു വയ്ക്കുമ്പോൾ പൈതൃകമായി കിട്ടിയ ചില നന്മകൾ കുറിക്കട്ടെ.

**1) ജനപങ്കാളിത്തത്തോടെ നിർവ്വഹിച്ച അജപാലനം**

റീത്തു പ്രസ്ഥാനത്തിലേക്ക് ചുവടുമാറ്റിയ മാർ ഈവാനിയോസിന്റെ നിലപാട് സഭയ്ക്ക് വേദനാജനകമായിരുന്നു. ഈ വലിയ കുറവു പരിഹരിക്കുവാൻ സഭ കണ്ടെത്തിയ അന്നത്തെ എം.എക്കാരനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. തിരുമേനി തുടങ്ങിവച്ച സൊസൈറ്റി ഓഫ് സെബേസിൽ ദയറാപ്രസ്ഥാനം സഭാ കവി സി.പി. ചാണ്ടി ഉൾപ്പെടെ അനേക യുവജനങ്ങളെ ഹഠാദാകർഷിച്ചു. പിൻതലമുറക്കാരനായ അത്താനാസിയോസ് തിരുമേനിയും അഭ്യസ്തവിദ്യരായ അനേകരെ കണ്ടെത്തി വൈദിക ശുശ്രൂഷയിലേയ്ക്കും സന്യാസ സമർപ്പിത ജീവിതത്തിലേക്കും ആനയിച്ചു.

**2) സംവേദനക്ഷമതയിലെ ചടുതല**

കൊച്ചുതിരുമേനിയുടെ പ്രഭാഷണങ്ങളും സംഗീതവും ജനഹൃദയങ്ങളിൽ ഇന്നും പ്രതിധ്വനിയ്ക്കുന്നു. കുന്നംകുളത്തേക്കുള്ള അവസാനയാത്രയ്ക്കു തൊട്ടുമുമ്പ് കുളനട ചാപ്പൽ അങ്കണത്തിലെ കൺവൻഷൻ പന്തലിൽ നടത്തിയ വചനശുശ്രൂഷയിലെ 2 ഉദാഹരണങ്ങൾ പ്രവചനം പോലെയായി. ഒരു തിരി കെടുന്നതിന് മുമ്പ് ജ്വാല കൂടുതൽ ശോഭയോടെ ആളി കത്തും. ചെണ്ടമേളം അവസാനിപ്പിക്കുന്നതിനു മുമ്പ് കലാശകൊട്ട് ഉണ്ടാകും. കരുണക്കടലേ എന്ന ഗീതം ജനം ഏറ്റുപാടിയപ്പോൾ കരയാത്തവർ ആ പന്തലിൽ ഇല്ലായിരുന്നു. അത്താനാസിയോസ് തിരുമേനിയുടെ ഓരോ പ്രഭാഷണങ്ങളും സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കുപോലും മനഃപാഠമാണ്.



"

സ്വന്തം സഭയുടെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിന് നിശ്ചയദാർഢ്യത്തോടെ ആരംഭിച്ച വ്രതാനുഷ്ഠാനങ്ങൾ കലഹപ്രിയരായ സഹോദരങ്ങളുടെ കണ്ണു തുറപ്പിക്കട്ടെ. 80-ന്റെ നിറവിലെ പരിപക്വമായ വീക്ഷണവും ദർശനവും സഭയ്ക്കും പൊതുസമൂഹത്തിനും ഊർജ്ജമായി തീരട്ടെ.

**3) ശിശു കേന്ദ്രീകൃത വീക്ഷണം**

കൊച്ചുതിരുമേനി അവസാനമായി കുന്നംകുളത്തു നടത്തിയ പ്രസംഗത്തിലെ ഉള്ളടക്കം. Child is the father of a man ഇന്നത്തെ കുട്ടികളാണ് സഭയെ നാളെ പരിപാലിക്കേണ്ടത്. വലിയ തിരുമേനിയുടെ പ്രഭാഷണങ്ങളിലെ പ്രധാന ഉള്ളടക്കം The destiny of our nation is shaped in the class rooms. മൂല്യബോധമുള്ള ഒരു നല്ല തലമുറയെ വാർത്തെടുക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുന്ന പിതാവിന്റെ ശിശുകേന്ദ്രീകൃത ശൈലി പൈതൃകസ്വത്തല്ലെന്ന് പറയാനാവുമോ?

സൂര്യനസ്തമിക്കാത്ത ബ്രിട്ടന്റെ സാമ്രാജ്യത്വ വാഴ്ചകളെ ഭാരതത്തിന്റെ മണ്ണിൽ നിന്നും തുടച്ചുമാറ്റിയ മഹാത്മാഗാന്ധിയുടെ സഹനസമരം അതേ ആത്മാവിൽ ഏറ്റുവാങ്ങിയ മലങ്കരസഭയുടെ വലിയ മെത്രാപ്പൊലീത്താ സ്വപ്നം കാണുന്നത് വ്യവഹാര രഹിതമായ ഒരു ദേശീയ സഭയാണ്. സ്വന്തം സഭയുടെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിന് നിശ്ചയദാർഢ്യത്തോടെ ആരംഭിച്ച വ്രതാനുഷ്ഠാനങ്ങൾ കലഹപ്രിയരായ സഹോദരങ്ങളുടെ കണ്ണു തുറപ്പിക്കട്ടെ. 80-ന്റെ നിറവിലെ പരിപക്വമായ വീക്ഷണവും ദർശനവും സഭയ്ക്കും പൊതുസമൂഹത്തിനും ഊർജ്ജമായി തീരട്ടെ. പിതാവിന്റെ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ഈ ലക്കം അക്ഷരശുശ്രൂഷ ആദരപൂർവ്വം അങ്ങേയ്ക്ക് സമർപ്പിക്കുന്നു.

**ഫാ. ഐപ്പ് പി. സാം**

# ബഥേൽ പത്രിക

MARCH 2018 ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം VOL.31 • ISSUE: 3



## പത്രാധിപസമിതി

| | |
|---|---|
| മാനേജിംഗ് എഡിറ്റർ & പബ്ലീഷർ | അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത |
| ഫോൺ | 0479 2453310, 2451331 |
| ചീഫ് എഡിറ്റർ | റവ. ഫാ. ഐപ് പി.സാം<br>9447964285, ipesamfr@gmail.com |
| എക്സിക്യൂട്ടീവ് എഡിറ്റർ | റവ. ഫാ. ഷിബു വർഗീസ്<br>ഫോൺ : 9495509402 |
| എഡിറ്റർ | ശ്രീ. സജി പട്ടരുമഠം<br>ഫോൺ: 9446114346 |
| അസോസിയേറ്റ് എഡിറ്റർ | റവ. ഫാ. ജോബിൻ ശാമുവേൽ<br>ഫോൺ: 8943363019 |
| സർക്കുലേഷൻ മാനേജർ | റവ. ഫാ. ജിജോ കെ. ജോയി<br>ഫോൺ: 9747964451 |
| വെബ് അഡ്മിനിസ്ട്രേറ്റർ | റവ. ഫാ. റെനി തോമസ്<br>ഫോൺ: 8547551395 |
| അംഗങ്ങൾ | റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ<br>റവ. ഫാ. തോമസ് വർഗീസ് അമയിൽ<br>റവ. ഫാ. വൈ. തോമസ്<br>റവ. ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്<br>ശ്രീ. ഏബ്രഹാം മാത്യു വീരപ്പള്ളിൽ<br>ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ<br>ശ്രീ. ജോബിൻ. കെ. ജോർജ്<br>പ്രൊഫ. ബിൻസി റെജി |


**പരസ്യ നിരക്കുകൾ**

Cover Back Multy ₹ 6000
Front Inner Multy ₹ 4000
Back Inner Multy ₹ 3500
Inner B/W Half ₹ 1500
Favours received ₹ 500
Matrimonial ₹ 500

**വരിസംഖ്യ**

1 വർഷം ₹ **150**
2 വർഷം ₹ **300**
5 വർഷം ₹ **750**
10 വർഷം ₹ **1500**


Cover Design & Page layout:
Crayons **Media**, 9495901381, crayonsmediatvla@gmail.com

Bethel Pathrika. P.B. No. 38, Chengannur, Kerala. 689 121
Ph./Fax: +91 479 2451331, Email: bethelpatrika@gmail.com
Website: www.bethelpatrika.org


## താളുകളിൽ...


07 **അജപാലനത്തിലെ അത്ഭുതങ്ങൾ**
ഫാ. തോമസ് കൊക്കാപ്പറമ്പിൽ

08 **ദയറാ ജീവിത വഴികാട്ടി**
ഫാ. ബിജു എൻ. ഈപ്പൻ

09 **സഭൈക്യം സ്നേഹത്തിൽക്കൂടി നേടണം**
അഭിമുഖം ഡോ. എം കുര്യൻ തോമസ്

15 **ഗുരുസന്നിധി**
പ്രിയാ ജേക്കബ്

16 **വാഴ്ത്താബൂൻ അത്താനാസിയോസ് (കവിത)**
ചാണ്ടപ്പിള്ള പി. സാം

21 **പ്രസാദസന്ധ്യയിലെ ഹംസഗാനം**
ബസലേൽ റമ്പാൻ

23 **അത്താനാസിയോസ് കോൺട്രാമുണ്ടം**
റ്റി. റ്റി. വറുഗീസ്

24 **അപൂർവ്വത നിറഞ്ഞ യൗവ്വനം**
പി.എം. കോരുത്

25 **തലമുറ തലമുറ കൈമാറിയോ**
സച്ചിൻ സണ്ണി

26 **ഹൃദയരാഗം (കവിത)**
ഈ. വൈ. കോശി

27 **വചനതപസ്യ**
ഫാ. മത്തായി സഖറിയാ

29 **പി.പി. മാത്യു (അനുസ്മരണം)**
അഡ്വ. തോമസ് ഫിലിപ്പ്

**30. ഭദ്രാസന വാർത്തകൾ 31. എഫഥാ ചോദ്യാവലി**
**32. ഹരിത പത്രിക 33. ബാലപത്രിക**
**34. സണ്ടേസ്കൂൾ വാർത്തകൾ**



ബഥേൽ പത്രികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങൾ ലേഖകരുടേത് മാത്രമാണ്.
അത് മാസികയുടെ ഔദ്യോഗിക ആശയമല്ല.
പത്രാധിപർ.



**ചിത്രങ്ങൾക്കു കടപ്പാട്:**
**ജോജി മാത്യു, എവർലൈറ്റ് സ്റ്റുഡിയോ കുട്ടംപേരൂർ**

# അജപാലനത്തിലെ അത്ഭുതങ്ങൾ!

ഫാ. തോമസ് കൊക്കാപറമ്പിൽ
(ഭദ്രാസന സെക്രട്ടറി)

മലങ്കര സഭയുടെ രത്നദീപം ഭാഗ്യസ്മരണാർഹനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ക്രാന്ത ദർശിത്വവും കർമ്മകുശലതയും പൊതേൽകുളത്തെ ബഥേലാക്കി മാറ്റി. ആ പിതാവിന്റെ ദർശനത്തിൽ ചെങ്ങന്നൂർ ഭദ്രാസന ആസ്ഥാനമെന്ന സ്വപ്നമുണ്ടായിരുന്നോ എന്നറിയില്ല. ലൂസിനെ ബഥേൽ ആക്കിയ ദൈവമനുഷ്യന്റെ ഇടപെടൽ ചെങ്ങന്നൂരിന്റെ മണ്ണിലും യാഥാർത്ഥ്യമായി. ആ പിതാവിന്റെ സഹോദര പുത്രൻ പുതിയ ഭദ്രാസനത്തിന്റെ സാരഥിയായി എന്നതും മറ്റൊരു ദൈവനിയോഗം. 33 വർഷങ്ങൾകൊണ്ട് തോമസ് മാർ അത്തനാസിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ വളർച്ചയുടെ പടവുകൾ ഓരോന്നായി ചവിട്ടിക്കയറി. ആദ്ധ്യാത്മീകവുംഭൗതികവുമായ എല്ലാ കാര്യങ്ങളിലും ആ പിതാവിന്റെ നൂതന ചിന്താധാരകൾ സപ്തവർണ്ണവിസ്മയങ്ങളുടെ അത്ഭുതം സൃഷ്ടിക്കുന്നു. ഭദ്രാസനത്തിന്റെ ആരംഭംമുതൽ വൈദിക ശുശ്രൂഷ അനുഷ്ഠിച്ച ഒരു വൈദികൻ എന്ന നിലയിൽ അദ്ദേഹത്തിൽ നിന്നും ഉൾക്കൊണ്ട ചില ഉൾക്കാഴ്ചകൾ പങ്കുവയ്ക്കാനാണ് ഞാനാഗ്രഹിക്കുന്നത്.



**കണ്ണുണ്ടായാൽ പോരാ കാണണം**
**കാതുണ്ടായാൽ പോരാ കേൾക്കണം**

അഭിവന്ദ്യ തിരുമേനി ആവർത്തിച്ച് ഉരുവിടുന്ന ഒരു മുദ്രാവാക്യമാണ് ഇത്. സ്വജീവിതത്തിലെ ചില അനുഭവങ്ങളിൽ കൂടി ഈ തത്ത്വം മനുഷ്യമനസ്സുകളിലേയ്ക്ക് തിരുമേനി കടത്തിവിടുന്നത്. അജപാലന ശുശ്രൂഷയിലാണ് പിതാവ് ഈ ആദർശം കൂടുതൽ പ്രായോഗികമാക്കുന്നത്. നൊമ്പരപ്പെടുന്നവരുടെ നൊമ്പരങ്ങളെ കാണുവാൻ, ആരോരുമറിയാതെ അർഹതപ്പെടുന്നവർക്ക് നന്മകളെ എത്തിക്കുവാൻ പിതാവ് പ്രതിജ്ഞാബദ്ധനാണ്.

ഇടവകശുശ്രൂഷയിൽ ബഹു. വൈദീകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ "അജപാലന മാർഗ്ഗദർശി" എന്ന പേരിൽമാർഗ്ഗരേഖാഗ്രന്ഥമായി തിരുമേനി പ്രസിദ്ധീകരിച്ചു. ഇടവക ഭരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുവാൻ ഈ ഗ്രന്ഥം ഏറെ സഹായകമാണ്. വിവിധ മേഖലകളിൽ വരപ്രസാദം നേടിയവരെ കണ്ടെത്തി അവരുടെ അഭിരുചികളെ പരിപോഷിപ്പിക്കുന്നതിന് പിതാവ് കാണിക്കുന്ന ഔത്സുക്യം എന്നെ അത്ഭുതപ്പെടുത്തുന്നു. സാധാരണ കാഴ്ചയ്ക്കപ്പുറം ഓരോ വ്യക്തിയെയും മുഴുവനായി വായിച്ചറിയാനുള്ള തിരുമേനിയുടെ അന്തർജ്ഞാനമാണ് ഈ മുദ്രാവാക്യത്തിന്റെ പൊരുൾ.

**രക്തധമനികളിലൂടെ പ്രവഹിക്കുന്ന "കാതോലിക്കേറ്റ്" വികാരം**

തിരുമേനിയുടെ ബോധമനസ്സിൽ മാത്രമല്ല അവബോധ-ഉപബോധ മനസ്സുകളിൽ ജ്വാലയായി കത്തുന്ന കനലാണ് കാതോലിക്കേറ്റ്. ഓർത്തഡോക്സ് വിശ്വാസാവബോധം വിശ്വാസഹൃദയങ്ങളിൽ പാകപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ "കൗദാശിക വർഷവും" അതേ വർഷം "കൗദാശിക ബോധിനി" എന്ന ബൃഹത്തായ കൂദാശകളുടെ പഠനഗ്രന്ഥവും സൗജന്യമായി വീടുവീടാന്തരം എത്തിയ്ക്കുകയുണ്ടായി. ഭദ്രാസനമുഖപത്രമായ "ബഥേൽ പത്രിക" 31 വർഷമായി ഒരു ലക്കം പോലും മുടങ്ങാതെ ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങളിലും എത്തണമെന്ന അഭേദ്യമായ ആഗ്രഹവും, പത്രികയുടെ നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിന് കാണിക്കുന്ന താല്പര്യവും അജഗണങ്ങൾ വിശ്വാസത്തിൽ ഉൽക്കർഷപ്രാപിക്കണമെന്ന ഒരേ ഒരു സ്വപ്നംകൊണ്ടാണ്.

**വ്യക്തിബന്ധങ്ങളെ ഊട്ടിവളർത്തുന്ന മഹാപുരോഹിതൻ**

ഒരിക്കൽ തിരുമേനി പ്രസ്താവിച്ചു. എനിക്ക് ഭൗതികമായ നേട്ടങ്ങൾ ഒന്നുമില്ല. എന്നാൽ എന്റെ ഏറ്റവും വലിയ സമ്പാദ്യം എന്നെ സ്നേഹിക്കുന്നവരും ഞാൻ സ്നേഹിക്കുന്നവരുമായ ഒരു വലിയ ഗണം ഉണ്ടെന്നുള്ളതാണ്.

# മാർ അത്താനാസിയോസ്
# ദയറാ ജീവിത വഴികാട്ടി

ഫാ. ബിജു എൻ. ഈപ്പൻ

"

പ്രകൃതിയെ സ്നേഹിക്കണമെന്നും സംരക്ഷിക്കണമെന്നും പഠിപ്പിക്കുന്ന തിരുമേനി ഗുജറാത്തിലെ ഹലോളിൽ ഒരു വനം തന്നെ നട്ടുവളർത്തുന്നതിൽ ശ്രദ്ധാലുവാണ്.

അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ പ്രാർത്ഥനാ ജീവിതവും അതിലൂടെയുള്ള ദൈവസംസർഗ്ഗവും അനുകരണീയമാണ്. ഒരു മാതൃക ദയറാക്കാരൻ എങ്ങനെ ആയിരിക്കണം എന്ന് നിയമാവലി പഠിച്ചു മനസ്സിലാക്കുന്നതിലും എളുപ്പം തിരുമേനിയുടെ ജീവിതം കണ്ടു പഠിക്കുന്നതാണ്. കാപട്യമില്ലാത്ത ദൈവഭക്തി, പ്രാർത്ഥനയിൽ നിഷ്ഠയും, സമയത്ത് തന്നെ പ്രാർത്ഥിക്കണം എന്ന നിർബന്ധവും.

എപ്പോഴും ദയറായിൽ തന്നെ ഇരിക്കുന്ന ജീവിത ശൈലി. ഏത് കാര്യത്തിന് പുറത്തുപോയാലും എത്രയും പെട്ടെന്ന് പോയ കാര്യങ്ങൾ പൂർത്തീകരിച്ച് തിരികെ ദയറായിൽ എത്തും. യാത്രയിൽ എപ്പോഴും നമസ്കാര പുസ്തകം ഉണ്ടാകും. പ്രാർത്ഥനാസമയം യാത്രയിൽ ആയിരുന്നാൽപോലും മടിയും അലസതയും കൂടാതെ അത് നിർവഹിക്കുകയും ചെയ്യും എന്ന് മാത്രമല്ല കൂടെയുള്ളവർ അതിൽ പങ്ക് ചേരണം എന്ന് തിരുമേനിക്ക് നിർബന്ധവും ഉണ്ട്. കാനോനീകമായ നമസ്കാരങ്ങൾ പൂർത്തീകരിച്ച ശേഷം രഹസ്യപ്രാർത്ഥനകൾ ചൊല്ലി ആത്മിക വർദ്ധനവ് വരുത്തുന്നു. ഏത് കൂദാശ നിർവഹിച്ചാലും അതിൽ ആഴത്തിൽ ഇഴുകി ചേർന്ന് നിർവഹിക്കുന്നു. കാട്ടികൂട്ടി തീർക്കുന്നതല്ല കൂദാശകൾ എന്ന് തിരുമേനി പലപ്പോഴും പറയുന്നത് കേൾക്കാൻ ഇടയായിട്ടുണ്ട്. ഏത് പുതിയ കാര്യം തുടങ്ങുമ്പോഴും പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടത്തിൽ പോയി പ്രാർത്ഥിക്കുന്ന രീതി തിരുമേനിക്ക് ഉണ്ട്.

'എന്റെ സഭ'യാണ് എനിക്ക് വലുത് എന്ന വാക്യം തിരുമേനി എപ്പോഴും പറയുമ്പോൾ എല്ലാ കാര്യങ്ങളെക്കാൾ അധികം സഭയ്ക്ക് പ്രാധാന്യം നല്കുന്നു. സഭയുടെ പരിപൂർണ്ണ സമാധാനത്തിനും യോജിപ്പിനും വേണ്ടി നിരന്തരം പ്രാർത്ഥനയും നോമ്പ് അനുഷ്ഠാനവും നടത്തി വരുന്നു. സഭയിൽ നഷ്ടപ്പെട്ടുപോയ പാരമ്പര്യങ്ങൾ തിരികെ കൊണ്ടുവരണം എന്ന് ആഗ്രഹിച്ച് അതിനായി പ്രവർത്തിക്കുന്നു. പ്രതിഫലേച്ഛകൂടാതെയുള്ള ശുശ്രൂഷയാണ് തിരുമേനിയുടെ മുഖമുദ്ര. എനിക്ക് എന്ത് ലഭിക്കും എന്നല്ല സമൂഹത്തിന്റെ നൻമയ്ക്ക് എന്ത് ചെയ്യുവാൻ സാധിക്കും എന്നതാണ് എപ്പോഴും ചിന്തിക്കുന്നത്. ദയറായിലെ കാർഷിക വിഭവങ്ങൾ പോലും മറ്റുള്ളവർക്ക് പങ്കുവയ്ക്കുന്നതിനുള്ള നല്ല മനസ്സ് നാം തിരിച്ചറിയേണ്ടതാണ്. ദൈവസ്നേഹമാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

പഠനത്തിന് എപ്പോഴും ഒന്നാം സ്ഥാനം തിരുമേനി നല്കുന്നു. അതിനായി എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതിയെ സ്നേഹിക്കണമെന്നും സംരക്ഷിക്കണമെന്നും പഠിപ്പിക്കുന്ന തിരുമേനി ഗുജറാത്തിലെ ഹലോളിൽ ഒരു വനം തന്നെ നട്ടുവളർത്തുന്നതിൽ ശ്രദ്ധാലുവാണ്. സെമിനാരി വിദ്യാഭ്യാസത്തിനായി കടന്നുവരുന്ന ചെറുപ്പക്കാർ പഠനശേഷം സന്യാസം സ്വീകരിക്കുന്നത് തിരുമേനിയുടെ കൂടെയുള്ള പ്രീ-സെമിനാരി ജീവിതകാലഘട്ടം അവരെ അതിനായി രൂപാന്തരപ്പെടുത്തുന്നു എന്ന് വേണം മനസ്സിലാക്കാൻ. ഉന്നതമായ ചിന്തകളും സൂക്ഷ്മമായ നിരീക്ഷണവും എല്ലാം തിരുമേനിയുടെ ജീവിതത്തിൽ നിന്ന് പഠിച്ചെടുക്കുവാൻ സാധിക്കുന്നു.

---

*(പേജ് 7-ന്റെ തുടർച്ച)*

അവരുമായുള്ള ആഴമേറിയ സ്നേഹവും സൗഹൃദവും ഏറ്റവും വലിയ നേട്ടമായും സമ്പത്തായും തിരിച്ചറിയുന്നു. The quality of my life is the quality of relationships വിജയ സോപാനത്തിന്റെ ഓരോ പടികൾ ചവിട്ടുമ്പോഴും ആത്മാർത്ഥവും സത്യസന്ധവുമായ വ്യക്തി ബന്ധങ്ങൾ തിരുമേനിയ്ക്ക് വലിയ ഒരു കൈമുതൽ തന്നെയായിരുന്നു. പ്രധാനമന്ത്രി മോദിജി മുതൽ ഉള്ളവർ കൊടിയുടെ നിറവ്യത്യാസമില്ലാതെ ആ പിതാവിന്റെ സ്നേഹവലയത്തിൽ ഉൾപ്പെടുന്നു എന്നത് ഭംഗിവാക്കല്ല.

പച്ചയായ പുൽപുറങ്ങളിലേയ്ക്കും സ്വച്ഛമായ ജലാശയങ്ങളിലേയ്ക്കും അജഗണത്തെ 33 വർഷം കരംപിടിച്ചു നടത്തിയ മലങ്കരസഭയുടെ സീനിയർ മെത്രാപ്പൊലീത്തായ്ക്ക് ഭദ്രാസനമക്കളുടെ സ്നേഹനിർഭരമായ പ്രാർത്ഥനകൾ സമർപ്പിക്കുന്നു.

# സഭൈക്യം
## സ്നേഹത്തിൽക്കൂടി നേടണം

*എൺപതാം ജന്മദിനം പ്രമാണിച്ച് സഭാചരിത്രകാരൻ ഡോ. എം. കുര്യൻ തോമസ് അഭിവന്ദ്യ തിരുമേനിയുമായി നടത്തിയ അഭിമുഖം*

ജൂലൈ 3-ലെ സുപ്രീം കോടതി വിധിക്കുശേഷം പരിശുദ്ധ ബാവാ തിരുമേനി പ്രകടിപ്പിച്ച വ്യവഹാരരഹിത സഭ എന്ന സ്വപ്നം സ്നേഹത്തിൽക്കൂടി വേണം നേടിയെടുക്കാനെന്നു സീനിയർ മെത്രാപ്പൊലീത്താ തോമസ് മാർ അത്താനാസ്യോസ് പ്രസ്താവിച്ചു. തന്റെ എൺപതാം ജന്മദിനം പ്രമാണിച്ച് ബഥേൽ പത്രികയ്ക്ക് അനുവദിച്ച പ്രത്യേക അഭിമുഖത്തിലാണ് തന്റെ നിലപാട് വ്യക്തമാക്കിയത്.

"1958-ലെ പോലെ യോജിച്ച സഭയുടെ അസോസിയേഷൻ പുത്തൻകാവിൽ നടത്തണം. അതാണെന്റെ ആഗ്രഹം. ഇക്കാര്യം ഞാൻ കാലംചെയ്യുന്നതിനു മുമ്പ് നടക്കും എന്നതാണ് എന്റെ വിശ്വാസം." അദ്ദേഹം തുടർന്നു പറഞ്ഞു.

**ചോദ്യം:** 80 വർഷം മനുഷ്യനായിട്ടും 34 വർഷം മെത്രാപ്പൊലീത്തആയും ജീവിച്ചു. പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ സഭയെ എങ്ങനെ വിലയിരുത്തുന്നു.

**ഉത്തരം:** ഞാൻ സഭയ്ക്ക് വേണ്ടി ജീവിച്ച ഒരാളാണ്. ഏതു പ്രവർത്തനം ചെയ്താലും ഇത് സഭയെ എങ്ങനെ ബാധിക്കും? സഭയ്ക്കത് മുതൽക്കൂട്ടാകുമോ എന്നാണ് ഞാൻ ചിന്തിക്കുന്നത്.

**ചോ:** ഭരണപരമായ കാര്യങ്ങളിൽ തിരുമേനിയുടെ പ്രചോദനം ഒന്നു വിശദീകരിക്കാമോ.

**ഉ:** ഞാൻ റോൾമോഡൽ ആയി കാണുന്നത് പ. വട്ടക്കുന്നേൽ ബാവാ തിരുമേനിയെയാണ്. അബുദാബിയിൽ ഞാൻ വികാരിയായിരിക്കുമ്പോൾ കഷ്ടാനുഭവ ആഴ്ച നടത്തുന്നതിനായി മാത്യൂസ് പ്രഥമൻ ബാവാ എഴുന്നള്ളി. ഒരു ദിവസം സഭാഭരണഘടന എടുത്തുകൊണ്ടുവരുന്നതിന് എന്നോട് ആവശ്യപ്പെട്ടു. ഒരു ദിവസം മുഴുവൻ ഇരുന്നു ഭരണഘടനയുടെ ഓരോ വകുപ്പും, പിന്നെയുള്ള ഓരോ ദിവസവും കൂദാശകളും എല്ലാം പഠിപ്പിച്ചു. പിന്നെ കുറെ ഉപദേശങ്ങൾ ഒക്കെ തന്നു.



അവയിൽ ചിലത്; ഏത് കർമ്മം നടത്തിയാലും അതിൽ പൂർണ്ണമായും ഇഴുകി ചേർന്ന് നടത്തണം. കാട്ടികൂട്ടി കർമ്മം നടത്തിയാൽ ഫലകരമാകില്ല. ഏതു പ്രോഗ്രാം എവിടെ ഏറ്റിരുന്നാലും സമയത്ത് ചെന്നിരിക്കണം. ഭരണ ഘടന ഓരോരുത്തർക്കും ഓരോ റോൾ നല്കിയിട്ടുണ്ട്. എല്ലാവരേയും നിർത്തേണ്ടിടത്തു നിർത്തണം.

**ചോ:** ഇത്രയും കാലത്തിനിടയ്ക്ക് സഭയ്ക്ക് വളർച്ച യാണോ തളർച്ചയാണോ ഉണ്ടായിട്ടുള്ളത്? എങ്ങനെ വിലയിരുത്തുന്നു?

**ഉ:** എന്റെ ഭദ്രാസനത്തെ സംബന്ധിച്ചാണെങ്കിൽ വളർച്ച ഉണ്ടായിട്ടുണ്ട്. കാര്യക്ഷമമായ ഒരു സിസ്റ്റം ഏർപ്പെടുത്താൻ കഴിഞ്ഞതാണ് അതിനു കാരണം. ഒത്തിരി കാര്യങ്ങൾക്ക് മാതൃകയാവാനും തുടക്കം കുറിക്കാനും

കഴിഞ്ഞു എന്നത് അഭിമാനകരമായി കരുതുന്നു.

**ചോ:** മലങ്കര സഭയിൽ പലയിടത്തും ഭരണപരാജയം ഉണ്ടാകുന്നു എന്ന മുറവിളി ഉയരുന്നുണ്ട്. ഈ അർത്ഥത്തിൽ അതെല്ലാം അഡ്മിനിസ്ട്രേഷന്റെ പരാജയമാണെന്ന് പറയാൻ ആകുമോ?

**ഉ:** സാരഥ്യം വഹിക്കുന്നവർ അതതിന്റെ ഭരണഘടന ശരിയായി പഠിക്കണം. ഞാൻ സുന്നഹദോസ് സെക്രട്ടറിയായി ചുമതല ഏറ്റെടുക്കാൻ ചെല്ലുമ്പോൾ ഓഫീസ് ചുമതലക്കാർ സുന്നഹദോസിന്റെ അക്കൗണ്ടിൽ നിന്നും നല്കേണ്ട എക്യുമെനിക്കൽ റിലേഷൻസ് വക ഒരു വൗച്ചർ എന്റെ അടുക്കൽകൊണ്ടുവന്നു. അവരുടെ വിചാരം സുന്നഹദോസ് സെക്രട്ടറിയ്ക്ക് ഒരു ക്ലാർക്കിന്റെ ജോലിയാണ് എന്നാണ്, സുന്നഹദോസിന്റെ വരവുചെലവ് കണക്ക് ബാവാ തിരുമേനി നേരിട്ട് കൈകാര്യം ചെയ്യേണ്ടതാണ്. ഞാൻ അവരെ നേരെ മാത്യൂസ് ദ്വിതീയൻ ബാവായുടെ അടുക്കലേയ്ക്കു വിളിപ്പിച്ച് ഇതു മനസ്സിലാക്കി കൊടുത്തു. അതോടെ അത്തരം നടപടികൾ അവസാനിച്ചു.

അതേപോലെ സഭവക സ്കൂളുകളുടെ ചുമതല ലഭിച്ചപ്പോൾ ആദ്യമായി എന്റെ മുമ്പിൽ വന്നത് നിരണം മണ്ണാംതോട്ടുവഴി സ്കൂളിന്റെ ഒരു ബില്ലാണ്. ആദ്യം ഓടിച്ച് ഒന്ന് നോക്കി.അതിന്റെ വർഷം തെറ്റായി ആണ് എഴുതിയിരുന്നത്. ചുമതലപ്പെട്ടവരെ വിളിച്ച് ഇത് ചൂണ്ടിക്കാണിച്ചപ്പോൾ ഓഫീസ് സ്റ്റാഫിന് മനസ്സിലായി തിരുമേനി ഓരോന്നും സൂക്ഷ്മമായി പരിശോധിക്കുന്നു എന്ന്. അവർ പിന്നീട് കൂടുതൽ ശ്രദ്ധാലുക്കളായി.

പുത്തൻകാവിൽ ഞാൻ പഠിക്കുമ്പോഴാണ് കേരളാ എഡ്യൂക്കേഷണൽ റൂൾസ് (കെ.ഈ.ആർ) നിലവിൽ വന്നത് അതിനുശേഷം ധാരാളം ഭേദഗതി ഉണ്ടായിട്ടുണ്ട്. എന്നെ സ്കൂളിന്റെ ചുമതല ഏല്പിച്ചപ്പോൾ ആദ്യം ചെയ്തത് ദയറായിൽ പോയിരുന്ന് കെ.ഈ.ആർ മുഴുവൻ പഠിക്കുക ആയിരുന്നു. അതു മുഴുവൻ ശരിയായി പഠിച്ചിട്ടാണ് ഞാൻ സ്കൂളിന്റെ ഓഫീസിൽ കാലുകുത്തിയത്.

**ചോ:** ഭരണഘടന എന്താണെന്ന് പഠിച്ച് അത് അനുസരിച്ച് പ്രവർത്തിച്ചാൽ ഒരു പ്രശ്നവും ഉണ്ടാകില്ല എന്നാണോ തിരുമേനി ഉദ്ദേശിക്കുന്നത്?

**ഉ:** അതേ. അത് അനുസരിച്ചാൽ സഭയിൽ ഒരു പ്രശ്നങ്ങളുമുണ്ടാകില്ല. നിയമലംഘനമാണ് എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം. റൂൾസ് എന്താണെന്ന് നമ്മൾ മനസ്സിലാക്കണം.

**ചോ:** ഓരോ മനുഷ്യരുടെയും വിവിധ മേഖലകളിലെ കഴിവുകൾ കണ്ടെത്തുവാനും അത് പരമാവധി ഉപയോഗിക്കുവാനും തിരുമേനി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എന്താണിതിനു കാരണം?

**ഉ:** കൂടുതൽ കൂടുതൽ കഴിവുള്ളവർ ഉയർന്നുവന്നാലേ ഏതു പ്രസ്ഥാനവും വളരൂ. എന്റെ സഭ വളരണം എന്നാണ് എന്റെ ആഗ്രഹം. എന്നെക്കാൾ കഴിവുകുറഞ്ഞവർ വന്നാൽ എന്റെ സഭ ചുരുങ്ങും. എല്ലാ സ്ഥാനികളും അവരേക്കാൾ കഴിവുള്ളവരെ വേണം ഉപസ്ഥാനികളായി നിയമിക്കാൻ. എങ്കിലേ പ്രസ്ഥാനം വളരൂ. അതുകൊണ്ട് എന്റെ വൈദികർ എന്നെക്കാൾ ഉയർന്നുവരണം എന്നാണ് എന്റെ ആഗ്രഹം. ഞാൻ അതിന് പരമാവധി വഴിയൊരുക്കും. ഞാൻ ഭദ്രാസനത്തിന്റെ ചുമതല ഏല്ക്കുമ്പോൾ ചെങ്ങന്നൂർ ഭദ്രാസനത്തിൽ നിന്നും വൈദീക സെമിനാരിയിൽ ആരും പഠിപ്പിക്കുന്നുണ്ടായിരുന്നില്ല. ഇന്ന് സ്ഥിരം അധ്യാപകരിൽ നാല് പേർ ഈ ഭദ്രാസനത്തിൽനിന്നാണ്. വിവിധ മേഖലകളിൽ എന്റെ വൈദികർ ഉന്നത പരിശീലനം നേടുന്നുമുണ്ട്.

**ചോ:** മറ്റുള്ളവരുടെ കഴിവിനേയും പ്രവൃത്തിയേയും പരസ്യമായി അംഗീകരിക്കാനും അഭിനന്ദിക്കാനും ഉള്ള അപൂർവ്വ ഗുണം തിരുമേനിക്ക് എങ്ങനെ ഉണ്ടായി?

**ഉ:** വൈദികർക്ക് എക്സ്പോഷർ ഉണ്ടാകാൻ ഞാനാഗ്രഹിക്കുന്നു. എങ്കിലേ സഭ വളരൂ. അതാണെന്റെ അടിസ്ഥാന തത്വം. ബറോഡയിലെ എന്റെ ജീവിതസാഹചര്യമാണ് ഇത്തരമൊരു മനോഭാവം വളർത്തിയെടുത്തത്.

**ചോ:** തിരുമേനി സെക്രട്ടറിസ്ഥാനം വഹിക്കുമ്പോഴാണ് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിക്കുന്ന എല്ലാ സ്ഥാനത്തിന്റെയും കാലാവധി അഞ്ചുവർഷം ആയിരിക്കുമെന്നും ഒരാൾക്ക് അത് പരമാവധി രണ്ടു തവണ ആയിരിക്കുമെന്നും ധാരണ ഉണ്ടാക്കിയത്. തിരുമേനി തന്നെ സ്ഥാനമൊഴിഞ്ഞു മാതൃകയുമായി. എന്താണിതിനുള്ള പ്രചോദനം?

**ഉ:** ഈ ചിന്ത എന്റെ മനസ്സിൽ വരുന്നത് ഒരു പ്രസിഡന്റ് തിരഞ്ഞെടുപ്പു സമയത്ത് അമേരിക്ക സന്ദർശിച്ചപ്പോഴാണ്. അവിടെ പ്രസിഡന്റിനു നാലു വർഷം വീതമുള്ള രണ്ടു തവണ മാത്രമേ ഭരിക്കാനാവൂ. പത്തുവർഷം

പൂർത്തിയാക്കിയ ഞാൻ സിനഡ് സെക്രട്ടറി സ്ഥാനവും സ്കൂൾ മാനേജർ സ്ഥാനവും ഒഴിഞ്ഞു. അടുത്ത കാലത്ത് ഇതേ മാനദണ്ഡത്തിൽ എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിഡന്റ്, വൈദിക സംഘം അദ്ധ്യക്ഷൻ എന്നീ സ്ഥാനങ്ങളും ഒഴിഞ്ഞു.

**ചോ:** ഇത് മറ്റു സ്ഥാനികൾക്കും ബാധകമാക്കുന്നത് നല്ലതല്ലേ?

**ഉ:** ഞാൻ ആരംഭമിട്ട ഈ കീഴ്‌വഴക്കം ഇന്നും തുടരുന്നു എന്നതിൽ സന്തോഷമുണ്ട്. സഭയിലെ ഇതരസ്ഥാനികൾക്കും രണ്ടുതവണ എന്ന പരിധി വെക്കുന്നത് വളരെ നല്ലതാണ്.

**ചോ:** സ്നേഹത്തിൽക്കൂടി വേണം സഭാ സമാധാനം നേടിയെടുക്കാനെന്നു തിരുമേനി പറഞ്ഞു. അത് പ്രായോഗികമായി എങ്ങനെ നടപ്പാക്കാം?

**ഉ:** സ്നേഹത്തിൽക്കൂടി ഇക്കാര്യം നേടിയെടുക്കണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. ഈ വിധി വന്നശേഷം ഞാൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മാന്തളിർ പള്ളിയിലെ ഒരു കുടുംബം സഭയിലേക്ക് വന്നു. മടങ്ങിവന്ന ഞാൻ കൊച്ചി എയർപോർട്ടിൽ നിന്ന് നേരെ പോയത് അയാളുടെ വീട്ടിലേക്കാണ്. ആ സന്ദേശം പലയിടത്തും പ്രചരിച്ചു. അതിനു മുമ്പു അതേ പള്ളിയിലെ മറു വിഭാഗത്തിലെ ഒരാൾ മരിച്ചു. അദ്ദേഹത്തിന്റെ മകൻ ബാഹ്യകേരളത്തിൽ നമ്മുടെ പള്ളി അംഗമാണ്. വികാരി വന്ന് വിവരം എന്നോട് പറഞ്ഞതനുസരിച്ച് ഞാനാണ് ശുശ്രൂഷയ്ക്ക് നേതൃത്വം നല്കിയത്. അവൻ എന്നെങ്കിലും നമ്മുടെ സഭ വിട്ടുപോകുമോ? ഇതുപോലെ മുഴുവൻ പേരേയും സ്നേഹത്തിൽ കൂടെ നേടിയെടുക്കണം.

**ചോ:** സ്നേഹത്തിൽ കൂടി സഭാസമാധാനം നേടുന്നതിനു സഭ ഹൃസ്വകാല അടിസ്ഥാനത്തിലും ദീർഘകാല അടിസ്ഥാനത്തിലും ചെയ്യേണ്ട കാര്യങ്ങളും കാഴ്ചപ്പാടും എന്തായിരിക്കണം?

**ഉ:** സുപ്രീംകോടതി ജഡ്ജ്മെന്റിന്റെ ഒരു കോപ്പി, ഈ വിധിയുടെ അടിസ്ഥാനത്തിൽ സമാധാനത്തിന് ഞങ്ങൾ ഒരുക്കമാണെന്ന പ. ബാവാതിരുമേനിയുടെ കവറിംഗ് ലെറ്ററോടെ, അന്ത്യോക്യ പാത്രിയർക്കീസിന് അയച്ചു കൊടുക്കണം. കഴിയുമെങ്കിൽ ഒരു മെത്രാപ്പൊലീത്ത വഴിയോ യോഗ്യനായ ഒരു പട്ടക്കാരൻ വഴിയോ നേരിട്ട് എത്തിച്ച് കൊടുക്കണം. അപ്പോൾ സ്വാഭാവികമായി പന്ത് അവരുടെ കോർട്ടിലോട്ട് തട്ടിയിട്ടു.

പിന്നീട് ഇക്കാര്യത്തെ കുറിച്ച് ചർച്ച ചെയ്യാൻ സമഭാവനയുള്ള യോഗ്യരായ കുറച്ചുപേരെ ചേർത്ത് ഒരു സമിതി ഉണ്ടാക്കണം. മറുഭാഗവും അപ്രകാരം ഒരു സമിതി ഉണ്ടാക്കട്ടെ.അവർ കൂടിയാലോചിച്ച് ഒരു പ്രായോഗികമായ റിപ്പോർട്ട് തയ്യാറാക്കണം. അതാണ് വേണ്ടത്.

**മറുവിഭാഗത്തിലെ വൈദിക സ്ഥാനികളേയും നമ്മൾ കരുതണം. അവർ ശത്രുക്കളല്ല, നമ്മുടെ സഹോദരന്മാരാണ്.**



*(ഇതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളെപ്പറ്റിയുള്ള അഭി. തിരുമേനിയുടെ കാഴ്ചപ്പാടുകൾ സ്ഥലപരിമിതിമൂലം തൽക്കാലം ഒഴിവാക്കുന്നു - എഡിറ്റർ)*

ഇപ്പോൾ സുപ്രീംകോടതി, നിങ്ങൾ സമാധാനത്തിന് എന്തു ചെയ്തു എന്നു ചോദിച്ചാൽ നമുക്ക് പറയാൻ ഒന്നുമില്ല എന്ന അവസ്ഥയാണുള്ളത്.

ഒരു സഭ, ഒരു തലവൻ, ഒരു നിയമം എന്നതാവണം അടിസ്ഥാന കാഴ്ചപ്പാട്.

**ചോ:** ഈ ഒരു കാൽവയ്പ് നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് തിരുമേനി പ്രതീക്ഷിക്കുന്നുണ്ടോ?

**ഉ:** ഉടനെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. കാരണം അങ്ങനെയുള്ള വിശാലമായ ഒരു ചിന്താഗതി പലരിലുമില്ല എന്നതാണ്.

**ചോ:** സഭയിൽ എന്തുകൊണ്ട് കുറച്ചുപേർ യോജിപ്പിനു വിഘാതമായി നില്ക്കുന്നു?

**ഉ:** പേഴ്സണൽ ഇന്ററസ്റ്റ് അഥവാ സ്ഥാപിത താല്പര്യം. സഭയുടെ താല്പര്യം അവർ കണക്കിലെടുക്കുന്നില്ല. സഭയുടെ യോജിപ്പിനുവേണ്ടി എന്തു ത്യാഗം സഹിക്കാനും ഞാൻ സന്നദ്ധനാണ്. ആവശ്യമെങ്കിൽ അതിനായി ഇപ്പോൾ സ്ഥാനം ഒഴിയാനും ഞാൻ തയ്യാറാണ്.

ഏതു സ്ഥാനത്ത് എത്തുന്നവരും ആ പ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിക്കണം. അതിന്റെ ഉന്നമനത്തിനായിരിക്കണം മുൻതൂക്കം നല്കേണ്ടത്. സഭയുടെ പദവികളിൽ എത്തുന്നവർ അവരുടെ സ്ഥാപിത താല്പര്യങ്ങൾക്കു വേണ്ടി സഭയെ ഉപയോഗിക്കുന്നത് പരിശുദ്ധാത്മാവിനു വിരുദ്ധമായ പാപമാണ്.

ഇപ്പോഴത്തെ സുപ്രീം കോടതി വിധിയിൽ ഞാൻ കാണുന്നത് നമ്മുടെ സഭ ഒരു ദേശീയ സഭ ആണെന്ന അംഗീകാരം ലഭിച്ചു എന്നതാണ്. ഇത് എനിക്ക് അഭിമാനം പകരുന്നു. കാരണം, നോർത്ത് ഇൻഡ്യയിൽ ഞാൻ

പോകുന്നിടത്തെല്ലാം പറയുന്ന കാര്യമാണ് Malankara Orthodox Church is a National Church എന്നത്. **ഈ വിധി നടപ്പാകുന്നതോടെ ഇന്ത്യയിൽ ഒരു ഓർത്തഡോക്സ് സഭ മാത്രമാവും. അതോടെ നമുക്കു നഷ്ടപ്പെട്ട പ്രതാപം തിരിച്ചു പിടിക്കാനാവും. നമ്മൾ ശ്രമിക്കേണ്ടത് അതിനു വേണ്ടിയാണ് സ്നേഹത്തിലൂടെ.**

**ചോ:** നമ്മുടെ പാരമ്പര്യം അനുസരിച്ച് നയരൂപീകരണത്തിനുള്ള പരമാധികാരം പ. എപ്പിസ്കോപ്പൽ സുന്നഹദോസിലാണ് നിക്ഷിപ്തമായിരിക്കുന്നത്. പ. സുന്നഹദോസ് യോജിപ്പിന് അനുകൂലമാണെന്നാണ് കഴിഞ്ഞ ദിവസത്തെ പത്രപ്രസ്താവനയിലൂടെ മനസ്സിലാക്കുന്നത്. സീനിയർ മെത്രാപ്പൊലീത്താ എന്ന നിലയിൽ അതിനെ ഒന്നു ക്രോഡീകരിച്ചു പ്രവർത്തനക്ഷമമാക്കിക്കൂടെ?

**ഉ:** സീനിയർ മെത്രാപ്പൊലീത്തായ്ക്ക് പ്രത്യേക അധികാരമൊന്നുമില്ല. എങ്കിലും തീർച്ചയായും ഒരു Say ഉണ്ട്. ഈ പ്രാവിശ്യം സുന്നഹദോസ് ഈ വിഷയമെടുത്തപ്പൊഴും ആദ്യം സംസാരിച്ചത് ഞാനാണ്. എനിക്കു പറയാനുള്ളത് ഞാൻ പറയും. അത് പറയേണ്ട വേദിയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. അവിടെ മാത്രമേ ഞാൻ പറയൂ.

**ചോ:** ഇത് ബോധവൽക്കരിക്കേണ്ടത് ആവശ്യമല്ലേ?

**ഉ:** അത് ഓരോരുത്തരുടേയും മനസ്സിൽ സ്വയം ഉണ്ടാകേണ്ട കാര്യമാണ്. സഭയെക്കുറിച്ച് ഒരു concern മനസ്സിൽ ഉണ്ടെങ്കിൽ സ്വാഭാവികമായി അത് നടന്നിരിക്കും.

**ചോ:** സഭയിൽ സമാധാനവും ഐക്യവും ഉണ്ടാകുമെന്നു തിരുമേനിക്ക് തോന്നുന്നുണ്ടോ?

**ഉ:** എനിക്ക് ഉറപ്പാണ്.

**ചോ:** എന്താണ് ഇത്ര ഉറപ്പ്?

**ഉ:** അതിനു പല കാരണങ്ങൾ ഉണ്ട്. ഒന്നാമതായി, എന്നെ വഴിനടത്തുന്നത് നമ്മുടെ കർത്താവിന്റെ അമ്മ വചനിപ്പു സമയത്തു പറഞ്ഞ "ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ" (ലൂക്കോസ് 1:37) എന്ന വചനമാണ്. അത് ഇവിടെയും പ്രാവർത്തികമാണ്. രണ്ടാമതായി, സുന്നഹദോസിന്റെ പത്രപ്രസ്താവന തയ്യാറാക്കിയശേഷം ആദ്യം ഞാൻ പോയത് പരുമലയ്ക്കാണ്. അവിടെ മുട്ടിപ്പായി പ്രാർത്ഥിച്ചാൽ അസാധ്യമായി ഒന്നുമില്ല. ഞാൻ സ്ക്രീനിംഗ് കമ്മറ്റി അദ്ധ്യക്ഷനായിരുന്ന രണ്ടു മെത്രാൻ തിരഞ്ഞെടുപ്പിലും അവിടെ പ്രാർത്ഥിച്ച ശേഷമാണ് ബന്ധപ്പെട്ട ഫയലുകൾ തുറന്നത്. അവ രണ്ടും ഭംഗിയായി നടന്നു.

**ചോ:** ഇത്തവണ സുന്നഹദോസ് പോലും അറിയാത്ത പുതിയ മെത്രാൻ തെരഞ്ഞെടുപ്പിന്റെ കാര്യം മാധ്യമങ്ങളിൽ ആരോ പ്രസിദ്ധീകരിച്ചല്ലോ?

**ഉ:** അതു മൂന്നാംകിട പ്രവർത്തി

**ചോ:** സഭാ സമാധാനത്തിനായി തിരുമേനി ഇപ്പോൾ എന്തെങ്കിലും ചെയ്യുന്നുണ്ടോ?

**ഉ:** ജൂലൈ മൂന്നു മുതൽ നവംബർ രണ്ടുവരെ ഞാൻ കാത്തിരുന്നു. ഒന്നും സംഭവിച്ചില്ല. തുടർന്ന് കഴിഞ്ഞ പരുമല പെരുന്നാളിന് സഭൈക്യത്തിനായി ഞാൻ നോമ്പാരംഭിച്ചു. നോമ്പാരംഭിച്ചത് ആരും പറഞ്ഞിട്ടല്ല. എന്റെ സഭ യോജിച്ചു കാണണം എന്ന വലിയ ആഗ്രഹം കൊണ്ടാണ് ഞാൻ നോമ്പ് ആരംഭിച്ചത്. സഭയിൽ സമാധാനം ഉണ്ടാകുന്നതുവരെ ഞാൻ നോമ്പിലായിരിക്കും. കണ്ണീരോടെ പ്രാർത്ഥിച്ചാൽ ദൈവം ഫലം തരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**ചോ:** സീനിയർ മെത്രാപ്പൊലീത്ത എന്ന നിലയിൽ ഇപ്പോഴത്തെ സുന്നഹദോസ്, മാനേജിംഗ് കമ്മറ്റി ഇവയുടെ പ്രവർത്തനത്തെ ഒന്നു വിലയിരുത്താമോ?

**ഉ:** സുന്നഹദോസിന്റെ വിഷയത്തിൽ ഉൾപ്പെട്ട ആത്മീയ / കൂദാശപരമായ കാര്യങ്ങൾ ആർക്കും ചോദ്യം ചെയ്യാനാവില്ല. ഇക്കാര്യങ്ങളിൽ സുന്നഹദോസിന്റെ പ്രവർത്തനം ഒരു തൃപ്തികരമായ നിലവാരത്തിലാണോ, സുന്നഹദോസ് ശ്രദ്ധിക്കേണ്ട മേഖലകൾ നൂറു ശതമാനം ശ്രദ്ധിക്കുന്നുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. ഉദാഹരണമായി ഇന്ന് കല്യാണം കഴിഞ്ഞാൽ ഇവന്റ് മാനേജ്മെന്റാണ് കാര്യങ്ങൾ നടത്തുന്നത്. വികാരി പ്രാർത്ഥിക്കണമെങ്കിൽ ഇവന്റ് മാനേജർ അനുവദിക്കണം. ഇക്കാര്യങ്ങളെ കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ചേർത്ത് ബുക്ക് ലെറ്റുണ്ടാക്കി സഭ മുഴുവൻ നടപ്പാക്കണം. അത് എന്റെ മനസ്സിലെ വലിയ ഒരു ആശയമാണ്. ഇതൊക്കെ സുന്നഹദോസ് ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

**ചോ:** വൈദികരുടെയിടയിലെ അച്ചടക്കം നഷ്ടപ്പെടുന്നു എന്ന ആരോപണത്തെപ്പറ്റി?

**ഉ:** വൈദികരുടെ ഇടയിലെ അച്ചടക്കം നഷ്ടപ്പെടുന്നു എന്നത് പൊതുവായ ഒരു ആരോപണമാണ്. കൂദാശകളുടെ കാര്യത്തിൽ ഓരോരുത്തരും അവനവന്റെ ഇഷ്ടമനുസരിച്ച് നടത്തുന്നു എന്ന് എനിക്കറിയാം. പക്ഷേ ആവശ്യമായ പരിശീലനം ഇന്ന് വൈദീകാർത്ഥികൾക്ക് കിട്ടുന്നുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. മുൻപ് അവിടെ വിദ്യാർത്ഥികളുടെ കൂടെ താമസിക്കുന്ന വൈദീകരായിരുന്നു അധ്യാപകർ. ഇന്ന് എത്ര അധ്യാപകരുണ്ട് ഒരു സന്ധ്യാനമസ്കാരത്തിന്? ചുരുക്കം പേർ മാത്രം. പണ്ട് എല്ലാവരും അവിടെ സന്നിഹിതരായിരുന്നു.

യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി പരുമലയിൽ താമസിക്കുന്ന സമയത്ത് മെത്രാന്മാരായി തിരഞ്ഞെടുക്കപ്പെട്ട ഞങ്ങൾ റമ്പാച്ചന്മാരായി അദ്ദേഹത്തിൽ നിന്നും അവിടെവെച്ച് ആരാധനാ പരിശീലനം നേടി. അക്കാലത്ത് തിരുമേനിയോട് ഞാൻ പറഞ്ഞു; തിരുമേനി പരുമലയിൽ താമസിക്കാതെ പഴയ സെമിനാരിയുടെ പടിഞ്ഞാറെ കെട്ടിൽ താഴെയുള്ള ഒരു മുറിയിൽ താമസിക്കുന്നാണ് അത്യാവശ്യം. അതിന്റെ ഒരു വ്യത്യാസം സെമിനാ

രി വിദ്യാർത്ഥികൾക്ക് ഉണ്ടാകും. ഞാൻ അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ട്: your presence makes a lot of difference in seminary. ഇന്ന് അധ്യാപകർ എല്ലാവരും ക്ലാസ് കഴിഞ്ഞു കാറിൽകയറി സ്ഥലം വിടുന്നു. വൈദീക അധ്യാപകർ സെമിനാരിയിൽ നിർബന്ധമായും താമസിക്കണം. സെമിനാരിയെക്കുറിച്ച് നല്ല ഒരു ചർച്ച കഴിഞ്ഞ സുന്നഹദോസിൽ നടന്നു.

ഞാൻ ഫോർമലായി നമ്മുടെ സെമിനാരിയിൽ പഠിച്ചിട്ടില്ല. ഞാൻ വേദശാസ്ത്രം പഠിച്ചത് സെറാമ്പൂർ കോളജിൽ ആണ്. അക്കാലത്താണ് വന്ദ്യനായ ഡോ. വി.സി. ശാമുവേൽ അച്ചൻ അവിടെ അധ്യാപകനായി ചാർജെടുത്തത്. 2-ാം വർഷം എം.വി. ജോർജ് അച്ചൻ (പിന്നീട് ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പൊലീത്താ) ഞങ്ങൾ വിശ്വസിക്കുന്നു എന്ന പുസ്തക രചനയ്ക്ക് എന്റെ അടുത്ത മുറിയിലാണ് വന്നു താമസിച്ചത്. അന്ന് കൽക്കട്ട പള്ളി വികാരി ഫാ. കെ. കെ. മാത്യൂസ് (പിന്നീട് മാത്യൂസ് മാർ ബർണബാസ് മെത്രാപ്പൊലീത്ത) ആയിരുന്നു. ഈ മൂന്നു വൈദികരാണ് എന്നെ വൈദീകവൃത്തിയിൽ സ്വാധീനിച്ചതും പരിശീലിപ്പിച്ചതും. പാസ്റ്ററൽ വർക്കിന്റെ കാര്യത്തിൽ എന്റെ മാതൃക കെ. കെ. മാത്യൂസ് അച്ചനായിരുന്നു. അത്തരം പരിശീലനങ്ങൾ എന്നെ നന്നായി സ്വാധീനിച്ചിട്ടുണ്ട്.



എന്റെ പിതാമഹൻ കിഴക്കേത്തലയ്ക്കൽ തോമ്മാ കത്തനാരോടും പിതൃസഹോദരൻ പുത്തൻകാവിൽ കൊച്ചു തിരുമേനിയോടും ജനങ്ങൾ കാട്ടുന്ന സ്നേഹാദരബഹുമാനങ്ങൾ എനിക്കറിയാം. ആ പൈതൃകം കാത്തുസൂക്ഷിക്കേണ്ടത് എന്റെ ബാദ്ധ്യതയാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്നെ മേല്പട്ടക്കാരനായി അസോസിയേഷൻ തിരഞ്ഞെടുത്ത ദിവസത്തിനുശേഷം ഒരു രാത്രിപോലും എന്റെ സ്വന്തം വീട്ടിൽ ഞാൻ അന്തിയുറങ്ങിയിട്ടില്ല. അവിവാഹിതരായ വൈദികർ സ്വകാര്യ ഭവനങ്ങളിൽ അന്തിയുറങ്ങരുത് എന്നാണ് എന്റെ പക്ഷം. സഭാ സ്ഥാപനങ്ങൾ, ദയറാകൾ, പള്ളികൾ, അരമനകൾ ഇവ മാത്രമേ ഇതിനുപയോഗിക്കാവൂ. സ്വന്തം സ്ഥാപനത്തിന്റെ മാന്യത കാക്കേണ്ടത് ഓരോരുത്തരുടെയും ചുമതലയാണ്. വാക്കിലും പ്രവർത്തിയിലും.

**ചോ:** വിദ്യാഭ്യാസ മേഖലയിലുള്ള താല്പര്യവും ആസരണിയിലുള്ള പരിശീലനവും മൂലം തിരുമേനിക്ക് വിദ്യാർത്ഥികളോട് നല്ല ബന്ധം ഉണ്ട്. ആ പരിചയത്തിൽ നിന്നും കഴിഞ്ഞ ഒരു തലമുറ മലയാളികളുടെ കാഴ്ചപ്പാടിൽ വന്നമാറ്റം - കേരളത്തിനകത്തും പുറത്തും - വിശകലനം ചെയ്യാമോ?

**ഉ:** വടക്കെ ഇൻഡ്യയിൽ അവിടുത്തെ സംസ്കാരവുമായി ഇഴുകി ചേരുകയാണ് നമ്മുടെ കുട്ടികൾ, നമ്മുടെ സംസ്കാരം അവരിൽ നിന്നു നഷ്ടപ്പെടുന്നു. ഇതുതന്നെയാണ് വിദേശത്തേയ്ക്കു കുടിയേറിയ മലയാളികളുടെ സ്ഥിതിയും.

അവിടെയാണ് എനിക്ക് ഗുജറാത്തികളോട് കൂടുതൽ ബഹുമാനം. അമേരിക്കയിൽ ചെന്നാലും ഗുജറാത്തികളും പഞ്ചാബികളും അവരുടെ സംസ്കാരം ഉയർത്തിപ്പിടിക്കും. അമേരിക്കയിലും അവർ ഗുജറാത്തിയെ സംസാരിക്കൂ. നമ്മുടെ നാട്ടിലെ കുട്ടികൾ കേരളം വിട്ടാൽ മലയാളം മറക്കും. ഭാഷയും വേഷവും മറക്കും.

കേരളത്തിലെ കുട്ടികൾ വളരെ ആപത്ക്കരമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. അധ്യാപകരും മാതാപിതാക്കളും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട അടിയന്തിര സാഹചര്യമാണ് ഇപ്പോഴുള്ളത്. അതിന്റെ കുറവ് അപകടങ്ങളെയാണ് വിളിച്ചു വരുത്തുന്നത്. ഇതു പേരന്റിംഗിന്റെയും സ്കൂളിംഗിന്റെയും പ്രശ്നമാണ്. ഇന്ന് കേരളത്തിൽ ബോധവൽക്കരണം ആവശ്യമയിരിക്കുന്നത് കുട്ടികൾക്കല്ല; മാതാപിതാക്കൾക്കും അധ്യാപകർക്കുമാണ്. അതിൽ സഭയ്ക്ക് എന്തു ചെയ്യാനാകും എന്നു ഗൗരവമായി ചിന്തിക്കണം. ഉത്തമ പേരന്റിംഗിന് ആവശ്യമായ ബോധവൽക്കരണം സഭ നിർബന്ധമായും നല്കണം.

നമ്മുടെ ചെങ്ങന്നൂർ കൺവൻഷനിൽ ഓരോ പ്രാവശ്യവും ഓരോ തുറയിൽപ്പെട്ടവർക്ക് ഈ വിധത്തിൽ മാർഗ്ഗദർശനം നല്കുന്നുണ്ട്. അത് വിപുലീകരിക്കണം എന്നാണ് എന്റെ ആഗ്രഹം. അടുത്ത തലമുറയെ കരുതേണ്ടത് മാതാപിതാക്കളോടൊപ്പം സഭയുടേയും ബാധ്യതയാണ്. അതിനു സഭ സജ്ജമാകണം. മാതാപിതാക്കളെ സജ്ജരാക്കണം.

**ചോ:** തിരുമേനി കൃഷിയിൽ അതീവ തല്പരനാണെന്നും വാസസ്ഥലമായ ഓതറ ദയറാ ഒരു നിറഞ്ഞ ഒരു കൃഷിയിടമാണെന്നും അറിഞ്ഞിട്ടുണ്ട്. ഇതു ശരിയാണോ?

**ഉ:** ശരിയാണ്. ഓതറ ദയറാ പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാണ്. എന്നു മാത്രമല്ല, വിഷവിമുക്തമായ പച്ചക്കറി വില്ക്കുന്നുമുണ്ട്. അതു കൂടാതെ പശു

വളർത്തലും കാര്യമായി അവിടെ നടത്തുന്നുണ്ട്. കഴിഞ്ഞ വർഷം പഞ്ചായത്തിലെ മികച്ച കർഷകനുള്ള പുരസ്കാരം ലഭിച്ചത് ദയറായിലെ കൃഷിയുടെ ചുമതലയുള്ള ബഹു. എബി അച്ചനാണ്. അതിൽ എനിക്ക് അഭിമാനമുണ്ട്.

വർഷങ്ങളായി പ. സുന്നഹദോസിന്റെ അർദ്ധവാർഷിക യോഗങ്ങളിൽ ഒരു ദിവസമെങ്കിലും ഓതറ ദയറായിൽ കൃഷി ചെയ്ത വിഭവം വിളമ്പും. ഇപ്പോൾ സുന്നഹദോസ് തുടങ്ങുന്ന ദിനംതന്നെ സഹോദര മെത്രാപ്പൊലീത്തമാരിൽ ചിലർ ചോദിക്കും, "എന്താണ് തിരുമേനി കൊണ്ടു വരുന്നത്?" അത് കേൾക്കുന്നത് അഭിമാനമാണ്.

**ചോ:** കൃഷിയിൽ താല്പര്യം ഉണ്ടാകാനുള്ള കാരണം?

**ഉ:** ഗുജറാത്തിലെ സ്കൂളുകളിൽ സോഷ്യൽ റീകൺസ്ട്രക്ഷൻ എന്ന ഒരു പുതിയ വിഷയം പഠിപ്പിക്കണം എന്ന നിബന്ധന വന്നു. അധ്യാപകർ അത് ഏറ്റെടുക്കാൻ വിമുഖത കാണിച്ചു. ഞാൻ ആദ്യം ആ വിഷയം പഠിച്ചു രണ്ടുവർഷം അത് പഠിപ്പിച്ചു. അത് എനിക്കു നല്കിയ ദർശനം ഇന്ത്യയുടെ വികസനം യഥാർത്ഥത്തിൽ ഗ്രാമീണ കാർഷിക മേഖലയുടെ ഉന്നമനത്തിലാണ് സ്ഥിതി ചെയ്യുന്നത് എന്നാണ്. മഹാനഗരങ്ങൾ കേന്ദ്രീകരിച്ച ഏതാനും കോർപ്പറേറ്റുകളുടെ വികസനമല്ല, ഗ്രാമീണ കാർഷിക മേഖലയുടെ വികസനമാണ് ഇന്ത്യയുടെ അടിസ്ഥാനം എന്ന യാഥാർത്ഥ്യം ഞാൻ മനസ്സിലാക്കി. അങ്ങിനെ ഞാനും കാർഷികവൃത്തിയിൽ ആകൃഷ്ടനായി.

**ചോ:** നൂതന കാർഷിക രീതികൾ എങ്ങനെയാണ് മനസ്സിലാക്കിയത്?

**ഉ:** മുകളിൽ പറഞ്ഞ പുസ്തകത്തിലെ ഒരു വിഷയം ഇസ്രായേയിലെ കീബുട്സുകളെ കുറിച്ചാണ്. ഞാൻ അവരുടെ കൃഷി സാങ്കേതിക വിദ്യ അന്വേഷിച്ചു. യെരുശലേമിൽ ചെന്നപ്പോൾ യഹൂദന്മാർ നടത്തുന്ന കീബൂട്ട്സ് എന്ന സ്ഥാപനം നേരിൽക്കണ്ട് മനസ്സിലാക്കി. അതാണ് ഓതറ ദയറായിൽ അനുവർത്തിക്കുന്നത്.

**ചോ:** നാളത്തെ സഭയെ തിരുമേനി എങ്ങനെ കാണുന്നു?

**ഉ:** സഭയുടെ നഷ്ടപ്പെട്ട പ്രതാപം തിരിച്ചുപിടിക്കണം. ആരാധനയിൽ വേദഭാഗങ്ങൾ വെട്ടിച്ചുരുക്കി പ്രാർത്ഥനകൾ പൂർത്തീകരിക്കാതെ പോകുന്നതിൽ മനോവിഷമമുണ്ട്. ഇതിന് പരിഹാരമായിട്ടാണ് ശവസംസ്കാര ശുശ്രൂഷയിൽ പഴയനിയമമടക്കം വേദഭാഗങ്ങൾ ഞാൻ വായിപ്പിക്കുന്നത്. ദേശീയ ഭാവങ്ങൾ സഭയുടെ സമ്പത്താണ്. തദ്ദേശീയമായ ആചാരങ്ങളും ഭാവങ്ങളും നഷ്ടപ്പെടാതെ സൂക്ഷിക്കണം. സഭയിൽ ഐക്യമുണ്ടായി ശക്തമായി മുന്നേറണം.

**ചോ:** തിരുമേനി ഇപ്പോഴും ശുഭാപ്തി വിശ്വാസിയാണോ?

**ഉ:** അതെ.

**ചോ:** എല്ലാ കാര്യത്തിലും?

**ഉ:** അതെ. തീർച്ചയായും.

## 11–ാമത് ഭദ്രാസന കൺവൻഷൻ സമാപിച്ചു



*ചെങ്ങന്നൂർ ഭദ്രാസന കൺവൻഷൻ അനുഗ്രഹകരമായി സമാപിച്ചു. അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പൊലീത്തായുടെ അധ്യക്ഷതയിൽ ചേർന്ന പ്രാരംഭ യോഗം അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പൊലീത്താ ഉദ്ഘാനം ചെയ്തു. വിവിധ ദിവസങ്ങളിൽ ശ്രീ. ബിജു വി. പന്തപ്ലാവ്, ഫാ. റെജി ഗീവറുഗീസ്, ഫാ. സജി അമയിൽ എന്നിവർ വചന ശുശ്രൂഷ നടത്തി. കുടുംബധ്യാനത്തിന് ഫാ. വിനോദ് ജോർജും വിദ്യാർത്ഥി സംഗമത്തിന് ശ്രീ. ബിനു കെ. സാമും നേതൃത്വം നലകി.*

## പടിപ്പുര സമർപ്പണം

*അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പൊലീത്തായുടെയും, അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പൊലീത്തായുടെയും കാർമ്മികത്വത്തിൽ കൂദാശ ചെയ്ത പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിലെ പുതിയതായി നിർമ്മിച്ച ആർച്ച്*



# ഗുരുസന്നിധി

**പ്രിയാ ജേക്കബ്**
എം.എച്ച്.എസ്.എസ്, പുത്തൻകാവ്

പരമപിതാവായ ദൈവത്തിന്റെ കരുണയാലും കൃപയാലും ആത്മീയതപസ്യയിൽ മുഴുകി എട്ടു പതിറ്റാണ്ടുകാലം അനുഗ്രഹീതമായി ജീവിതം നയിച്ച് നമ്മുടെ സാമൂഹ്യ സാമുദായിക സാംസ്കാരിക പഥങ്ങളിൽ ലബ്ധ പ്രതിഷ്ഠ നേടിയ മലങ്കര സഭയുടെ വലിയ തിരുമേനിക്കു പുത്തൻകാവ് മെട്രോപ്പോലിറ്റൻ ഹയർ സെക്കണ്ടറി സ്കൂൾ കുടുംബം സ്നേഹാദരവുകൾ സമർപ്പിക്കുകയാണ്. ജന്മംകൊണ്ടും കർമ്മംകൊണ്ടും ഭാഗ്യവാനാണ് നമ്മുടെ തിരുമേനി. ഇച്ഛാശക്തിയും ആത്മസമർപ്പണവും ധീരതയുമുള്ള മഹാത്മാക്കളുടെ ഗണത്തിലാണ് അദ്ദേഹം ചുവടുറപ്പിച്ചിരിക്കുന്നത്. ഞങ്ങളുടെ സ്കൂളിലെ പൂർവ്വ അധ്യാപകനും പൂർവ്വ വിദ്യാർത്ഥിയുമായ തിരുമേനി മലങ്കര സഭയുടെ 'അംബാസിഡർ' എന്ന നിലയിൽ പൊതുസമൂഹത്തിൽ അംഗീകരിക്കപ്പെടുന്നത് അഭിമാനകരമാണ്.



മലങ്കര ഓർത്തഡോക്സ് സഭയുടെ സ്കൂൾ കോർപറേറ്റ് മാനേജരായിരിക്കെ വിദ്യാലയങ്ങൾ എണ്ണത്തിലും നിലവാരത്തിലും വികസനത്തിലും കുതിച്ചുയർന്ന്, കേരളത്തിലെ മികച്ച വിദ്യാഭ്യാസ ഏജൻസി എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടു. ഒരു സുവർണകാലമായിരുന്നു അത്. ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ ചില മാനദണ്ഡങ്ങളുണ്ടായി. ഗുണനിലവാരമുള്ള അധ്യാപകവൃന്ദത്തെ വിദ്യാലയങ്ങൾക്കു സമ്മാനിക്കുവാൻ കഴിഞ്ഞത് പുരോഗതിയുടെ ഒരു നാഴികക്കല്ലായിരുന്നു. പ്രഥമാധ്യാപകരായി നിയോഗിച്ചവർക്ക് അറിവും അനുഭവവും പകർന്നു നല്കി. ഭൗതിക വികസനത്തിന് സമ്പത്ത് കാര്യക്ഷമമായി വിനിയോഗിച്ചു. 1998 മുതൽ

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വന്ന മാറ്റത്തിനനുസൃതമായി സഭാ സ്കൂളുകളും ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടു. ആ ശ്രമങ്ങളെ എന്നും കൃതജ്ഞതയോടെ ഓർക്കേണ്ടതുണ്ട്. "ജ്യോതിർഗമയ" എന്ന ത്രൈമാസിക ആരംഭിച്ചതും അധ്യാപകർക്ക് പരിശീലന ക്ലാസ്സുകളും ശില്പശാലകളും ചോദ്യപേപ്പർ രൂപീകരണവും സംഘടിപ്പിച്ചതും എടുത്തു പറയേണ്ടവയാണ്. അധ്യാപനത്തിലും വേദശാസ്ത്രത്തിലും തീഷ്ണവാനായ തിരുമേനി നമ്മുടെ വിദ്യാഭ്യാസ വിചക്ഷണൻമാരിൽ പ്രമുഖനാണ്. പുലിക്കോട്ടിൽ തിരുമേനിക്കു ശേഷം മലങ്കരസഭാ സ്കൂളുകൾക്ക് ഇത്രയേറെ നേട്ടങ്ങൾ സമ്മാനിച്ച മറ്റൊരു മാനേജർ തിരുമേനി ഉണ്ടായിട്ടില്ല.

മെത്രാപ്പൊലിത്തൻ സ്കൂളിലെ മണൽത്തരിയോടുപോലും ആത്മബന്ധമാണ് തിരുമേനിക്ക്. ഈ മുറ്റത്ത് കാൽചവിട്ടുമ്പോൾ ഗൃഹാതുരത്വം ഉണരുന്നതായി

# വാഴട്ടാബൂൻ അത്താനാസിയോസ്

**ചാണ്ടപ്പിള്ള പി. സാം തോട്ടപ്പുഴ**

**(കേക വൃത്തം)**



ഓർത്തഡോക്സ് സഭയുടെ ധീരനാം യോദ്ധാവത്രേ
തോമസ് മാർ അത്താനാസിയോസ് വന്ദ്യനാം തിരുമേനി
മലമേൽ ശോഭിക്കുന്ന ദീപത്തിൽ പ്രഭപോലെ
മർത്ത്യനു കാന്തി നല്കി വാഴുന്നീ മഹാചാര്യൻ

പുത്തൻകാവു കിഴക്കേ തലയ്ക്കൽ തറവാട്ടിൽ
എൺപതു വർഷം മുമ്പു പിറന്നീ കർമ്മയോഗി
നല്ല ദർശനമുള്ള നല്ലജപാലകനായി
നന്മയിൽ ജീവിക്കുന്നു ഈ വന്ദ്യതിരുമേനി

മാനവചിത്തത്തിൽ നിന്നന്ധതയകറ്റീടാൻ
ദീപനാളമായി തീർന്നീ വന്ദ്യനാം ശ്രേഷ്ഠാചാര്യൻ
നാട്ടാർക്കു നന്മയായി വിദ്യാലയങ്ങളുടെ
അമരത്തമർന്നീടും ജ്യോതിസ്സാം ദാർശനികൻ

ധന്യമാം സഭയുടെ ശാന്തത വീണ്ടെടുക്കാൻ
സഹന സമരത്തിൽ പ്രാർത്ഥനാനിരതനായ്
ശത്രുത വിരിഞ്ഞാടും മാതാവാം സഭയുടെ
മക്കളാം അജഗണം യോജിച്ചു മുന്നേറിടാൻ

താപസ ശ്രേഷ്ഠനായ വന്ദ്യനാം തിരുമേനി
മാതൃക മദ്ധ്യസ്ഥനായ് പരുമല പിതാവിനെ
ഭരണ നിപുണനാം വട്ടക്കുന്നേൽ ബാവായെ
ഉത്തമ മോഡലായി എന്നാളും പിൻപറ്റുന്നു

ദേശീയ പൈതൃകങ്ങൾ സഭയ്ക്കു സ്വന്തമാക്കാൻ
സ്നേഹത്തിൻ ചങ്ങലയിൽ ബന്ധങ്ങൾ ധന്യമാക്കി
പരിപക്വതയുള്ള ദർശന സൗരഭ്യമീ
എൺപതിൻ നിറവിലും തിളങ്ങിവിളങ്ങട്ടെ

മേൽക്കുമേൽ ജ്വലിക്കട്ടെ അത്തനാസിയോസിൻ നാമം
മാറ്റേറും രത്നം പോലെ യുഗപ്രഭാവനായി
എന്നെന്നും പ്രാർത്ഥിക്കുന്നു മഹിതാചാര്യാ ഞങ്ങൾ
ആയുരാരോഗ്യത്തിനായ് സ്വപ്ന സാഫല്യത്തിനായി

*(പേജ് 15-ന്റെ തുടർച്ച)*

കാണാം. ആ സാന്നിധ്യം ഞങ്ങൾക്ക് സമ്മാനിക്കുന്ന ഒരു പോസിറ്റീവ് എനർജി വാക്കുകൾക്ക് അതീതമാണ്. കാലാനുസൃതമായ മാറ്റം വിദ്യാഭ്യാസ രംഗത്തുണ്ടാകുമ്പോൾ ഭൗതികമായും സാംസ്കാരികമായും ഒരു മുന്നേറ്റം ആയിരിക്കണമെന്ന് അദ്ദേഹം ശഠിക്കുന്നു. സമർത്ഥരും ഉത്സാഹികളുമായ നൂറു കണക്കിനു വിദ്യാർത്ഥികൾക്കു അദ്ദേഹം കൈത്താങ്ങലായിട്ടുണ്ട്. ഒരിക്കൽ ഞങ്ങളുടെ സ്കൂളിൽ കൊമേഴ്സ് വിഭാഗത്തിൽ ഉന്നതവിജയം കൈവരിച്ച ഒരു വിദ്യാർത്ഥി തുടർവിദ്യാഭ്യാസം എങ്ങനെ എന്നു പകച്ചുപോയ ഒരു സന്ദർഭം. ആ നിസഹായത നേരിൽ കണ്ടപ്പോൾ ആരാധ്യനായ ഞങ്ങളുടെ മുൻ ഹെഡ്മാസ്റ്റർ ജോർജുകുട്ടി സാറിനെ വിവരമറിയിച്ചു. അന്നു സായാഹ്നത്തിൽ ഞങ്ങൾ മൂവരും തിരുമേനിയുടെ അരമനയിലെത്തി. ചുരുങ്ങിയ വാക്കുകളിൽ വിഷയം അവതരിപ്പിച്ചു. ഞങ്ങളുടെ മനസ്സിലെ ആഗ്രഹം മുൻകൂട്ടി മനസ്സിലാക്കിയ തിരുമേനി ഏറ്റവും അടുത്ത ദിവസം അവനെ ബറോഡായിലെ യൂണിവേഴ്സിറ്റിയിൽ തുടർപഠനത്തിനായി കൂട്ടിക്കൊണ്ടുപോയി.

ഞങ്ങളുടെ സ്കൂളിൽ ആരംഭിച്ച പുണ്യശ്ലോകനായ പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയുടെ സ്മരണയെ നിലനിർത്തുന്ന 'ഡിബേറ്റ് മത്സരം' ഇന്ന് മധ്യതിരുവിതാംകൂറിലെ ശ്രദ്ധേയമായ ഒന്നാണ്. ഉന്നത നിലവാരവും സമകാലിക വിഷയങ്ങളുടെ ആഴമേറിയ സംവാദവും വിദ്യാർത്ഥികൾക്കു പരിചിതമാക്കുന്നതിൽ തിരുമേനി നടത്തുന്ന ശ്രമങ്ങൾ പലതും നിഷ്കാമകർമ്മങ്ങളാണ്. തലമുറകളുടെ ഹൃദയത്തിൽ തിരുമനസ്സിന് ഒരു ഇടം കാണുമെന്നതു തീർച്ച. ഡൽഹിയിലെ പെൺകുട്ടിയുടെ മരണം ഇന്ത്യയാകമാനം ചർച്ച ചെയ്തപ്പോൾ തിരുമനസ്സ് സ്കൂളിലെത്തി അസംബ്ലിയിൽ ആൺകുട്ടികൾക്കു പ്രബോധനം നല്കുന്നതിനൊപ്പം സ്ത്രീ സുരക്ഷയിൽ അവരുടെ ദൗത്യം വ്യക്തമാക്കുമാറ് ദൃഢപ്രതിജ്ഞയുമെടുപ്പിച്ചു. ഉത്തരേന്ത്യയിലെ സംസ്കാരസമ്പന്നമായ ബറോഡയിലും പ്രാന്തപ്രദേശങ്ങളിലും വ്യാഴവട്ടങ്ങൾക്കു മുൻപെ ആരംഭിച്ച വിദ്യാലയങ്ങളുടെ പ്രൗഢിക്കും നിലവാരത്തിനുമൊപ്പം സഭയിലെ വിദ്യാലങ്ങളെ വളരുവാനും വളർത്തുവാനും ഞങ്ങളുടെ തിരുമേനിക്കുള്ള ആഗ്രഹവും സ്വപ്നങ്ങളും ഞങ്ങൾ തിരിച്ചറിയുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ചെങ്ങന്നൂർ ഭദ്രാസനവും അതിന്റെ അടിസ്ഥാനമായ ബഥേൽ അരമനയും ഭദ്രാസനാധിപനായ തിരുമേനിയുടെ കർമ്മനിഷ്ഠയുടെയും ഭരണപാടവത്തിന്റെയും നിദർശനമാണ്, മലങ്കര സഭയുടെ വലിയ തിരുമേനി തന്റെ സിദ്ധിയും സാധ്യതയുംകൊണ്ട് ഇനിയും ആയുരാരോഗ്യ സൗഭാഗ്യങ്ങൾ കൊണ്ട് നമ്മെ ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ എന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

# Prayerful **Birthday** Wishes to Our Founder Manager.





25 YEARS OF MERITORIUS SERVICE

RESIDENTIAL FACILITIES WITHIN THE CAMPUS

OFFERING PSYCHOLOGY, HOME SCIENCE FOR SCIENCE & COMMERCE STREAMS

ENTRANCE COACHING FOR COMPETITIVE EXAMS LIKE JEE, NEET, CPT ETC

## MAR DIONYSIUS
### SENIOR SECONDARY SCHOOL
RISHI VALLEY, CHENGAROOR P.O. MALLAPPALLY

Admision started.
www.mardionysius.in
Call: 811191456, 0469-2688547
contacT@msrishivalleyschool.com

മാതൃ ഇടവകയുടെ ഹൃദയം നിറഞ്ഞ

# ജന്മദിനാശംസകൾ

പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ









ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം സമാജത്തിന്റെ

**പ്രാർത്ഥനാപൂർവ്വമായ ജന്മദിനാശംസകൾ**

# പ്രസാദസന്ധ്യയിലെ ഹംസഗാനം

**ബസലേൽ റമ്പാൻ,** ബേസിൽ ദയറ

നിയോഗങ്ങൾ ഏറ്റെടുത്തവരും നിയോഗിതരും ലോകചരിത്രത്തിലും സഭാ ചരിത്രത്തിലും ഉണ്ട്. സാഹചര്യങ്ങൾക്കനുസൃതമായി കടന്നുവന്നവരും നിർബന്ധപൂർവ്വം കടന്നുവന്നവരും കർമ്മമണ്ഡലത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. യേശുതമ്പുരാൻ നേരിട്ടു ക്ഷണിച്ചവരും ക്ഷണിച്ചവരുടെ സ്വാധീനത്തിൽ വന്നവരും തങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും അറിഞ്ഞ് പ്രവർത്തിച്ചിട്ടുണ്ട്. മലങ്കര സഭാചരിത്രത്തിൽ പുരോഹിതരും മേല്പട്ടസ്ഥാനികളും അത്മായ ശുശ്രൂഷകരും സത്യത്തിന്റെയും വെളിച്ചത്തിന്റെയും പ്രഭയോടെ സഭാജീവിതത്തെ സാർത്ഥകമാക്കിയിട്ടുണ്ട്. നിർമ്മലബുദ്ധിയുടെ പ്രഭയോടും നക്ഷത്രശോഭയോടും സഭാജീവിതത്തിന് അർത്ഥവും വ്യാപ്തിയും പകർന്നുനല്കിയ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ജീവിതവും ദർശനവും പാതയും പന്ഥാവുമായി നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

### ശൂന്യാരണ്യത്തിലെ പനിനീർപ്പൂവ്

മരുഭൂമിയിൽ അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച കർത്തൃസാന്നിദ്ധ്യം, മരുഭൂമി സമാനമായ ഈ ലോകത്തിൽ ആശയമായും നിലകൊള്ളണമെന്നും വിജനതകളുടെ അനുഭവങ്ങളെ ജനപഥങ്ങളുടെ സങ്കേതസ്ഥാനമായും മാറ്റണമെന്നും അഭിവന്ദ്യ തിരുമേനിയുടെ പ്രസംഗങ്ങളിൽ മുഴങ്ങിക്കേട്ടിരുന്നു. ഗുജറാത്തിന്റെ വിവിധ ഭാഗങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിക്കുവാനും ആ ദേവാലയങ്ങളിൽ ത്യാഗനിർഭരമായി പ്രവർത്തിക്കുവാനും സാധിച്ച പിതാവ്, 'മണലാരണ്യത്തിൽ പരിലസിച്ചു ദിവ്യ പനിനീർ പൂവായിരുന്നു.' 'നട്ടിടത്ത് പുഷ്പിയ്ക്കും' എന്നതിലുപരി എവിടെ, ആര്, എങ്ങനെ നടണമെന്ന് ആഗ്രഹിക്കുവാൻ ചെടിയ്ക്ക് സാദ്ധ്യമല്ലല്ലോ? 'പറിച്ചു നട്ടിടത്ത്' മുളച്ച സ്ഥലത്തേക്കാൾ ശ്രേഷ്ഠമായി പുഷ്പിച്ചു അമൂല്യസസ്യമായി അഭിവന്ദ്യ തിരുമേനിയെ കണക്കാക്കാം. ആന്തരിക ആകർഷണബലമായി (centrifugal force) ദൈവാശ്രയത്തെ കാണുന്ന തിരുമേനി, ബഹിർസ്ഫുരണ ശക്തിയായി (centripetal force) സേവനത്തെയും സമർപ്പണത്തെയും കാണുന്നതിൽ അതിശയോക്തിയില്ല. ആന്തരിക ശക്തിയായി പ്രാർത്ഥനയും സഭാജീവിതവും ത്യാഗമനോഭാവവും ഉറച്ചമനോഭാവവും കൈമുതലായി കണ്ട തിരുമേനിയിൽ നിന്നും അതിനനുസൃതമായ സുസ്ഥിരഭാവത്തോടെയുള്ള തീരുമാനങ്ങളും ഉണ്ടായെന്നുള്ളത് യാഥാർത്ഥ്യമാണ്.



**'ഉറവകളുടെ സംരക്ഷകൻ'**

കല്പാത്രങ്ങളിൽ ജലം നിറച്ച് കാനാവിലെ കല്യാണവിരുന്നിൽ കർത്താവ് അത്ഭുതം പ്രവർത്തിച്ചതിനെപ്പറ്റി അഭിവന്ദ്യ തിരുമേനി അർത്ഥവത്തായി വിശദീകരിച്ചിരുന്നു. ജലം പല ഉറവകളിൽ നിന്ന് ഊർന്നിറങ്ങി ഒരു പ്രത്യേക ഭാഗത്ത് അടിഞ്ഞുകൂടിയതാണ്. അതുപോലെ, വരനും വധുവും വ്യത്യസ്ത ഉറവുകളിലെന്നപോലെ വ്യത്യസ്ത കുടുംബം, ഇഷ്ടാനിഷ്ടങ്ങൾ, സമ്പത്ത്, വിദ്യാഭ്യാസം ആദിയായ ഉറവുകളിൽ നിന്ന് സഭയാകുന്ന പാത്രത്തിലേക്ക് പകർന്നിരിയ്ക്കുകയാണ്. ഈ പകരപ്പെട്ട ദിവ്യ പാനീയത്തിലാണ് ശ്രേഷ്ഠകുടുംബത്തിന്റെ അനുഭവങ്ങൾ കർത്താവ് പകർന്നു നല്കുന്നത്. ഈ വിശകലനത്തെ പ്രസംഗചിന്തയായി മാത്രം മാറ്റാതെ പ്രായോഗിക ജീവിതത്തിലേക്ക് പകർന്നു നല്കിയ പ്രവചനശബ്ദമായിരുന്നു തിരുമേനിയുടേത്. എല്ലാ മനുഷ്യരുടെയും സനാതന ഉറവ ദൈവത്തിലാണെന്നും ദൈവീക പാതയിൽ അജ്ഞാനത്തിന്റെയും വർഗ്ഗീയതയുടെയും വിഷാംശം ഉണ്ടാകരുതെന്നും ഉറവുകളുടെ കാവല്ക്കാരനായി നാം മാറണമെന്നുമുള്ള ദിവ്യ മനോഭാവമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനത്തിലേക്ക് തിരുമേനിയെ നയിച്ചത്. സത്യവിശ്വാസത്തിൽ കളങ്കം ചാർത്തുന്ന ഒന്നും തിരുമേനി അനുവദിയ്ക്കില്ല. 'കാതോലിക്കേറ്റിന്റെ ദിവ്യ ശില്പി' പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ദിവ്യ ഉറവയുടെ വാഹകനായ അഭിവന്ദ്യ പിതാവ്, കാതോലിക്കേറ്റിന്റെ മഹത്വത്തെ ഉദ്ഘോഷിക്കുന്ന പ്രഭാവമാണ്. മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം മുഴങ്ങുന്ന ദൈവഭവനത്തെ സ്വപ്നം കാണുന്ന പിതാവ് 'യോജിക്കേണ്ടും സമയമിതാ' എന്ന ഗ്രന്ഥത്തിലൂടെ തന്റെ ദിവ്യസ്വപ്നങ്ങളെ പങ്കുവയ്ക്കുന്നു.

**'ഭാവനയെ ഭാവമാക്കിയ പിതാവ്'**

സ്വപ്നം കാണുവാൻ എളുപ്പമാണ്. അവയെ യാഥാർത്ഥ്യമാക്കുകയെന്നത് പ്രയാസമാണ്. സ്വപ്നാടനത്തെ യാഥാർത്ഥ്യത്തിന്റെ ഭാസുരാവരണം അണിയിക്കുകയാണ് ശ്രേഷ്ഠർ ചെയ്തിട്ടുള്ളത്. അഭിവന്ദ്യ തിരുമേനി, ഒരു കാര്യം തീരുമാനിച്ചാൽ ഉടനടി ബന്ധപ്പെട്ട വ്യക്തികളെ അറിയിച്ചു അതിന്റെ പൂർണ്ണതയ്ക്കായി അദ്ധ്വാനിച്ചിരുന്നു. ഏതു തീരുമാമെടുക്കുമ്പോഴും സഭയുടെ തീരുമാനവും അഖണ്ഡതയും അദ്ദേഹം മുൻനിർത്തിയിരുന്നു. നിർബന്ധങ്ങൾക്കിടയിലും ആശയങ്ങളെ ആവേശമായും ആമോദമായും പിതാവ് കണ്ടു. സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കിയ പിതാവ്, ഭദ്രാസനഭരണത്തിലും തന്റെ സ്ഥാപനങ്ങളുടെ വളർച്ചയിലും ഈ മനോഭാവം പുലർത്തി. ഒരേ സമയം പഠിതാവും പാഠമായും അദ്ധ്യാപകനായും തിരുമേനി നിലകൊണ്ടു.

> "
> 'കാതോലിക്കേറ്റിന്റെ ദിവ്യ ശില്പി' പുത്തൻ കാവിൽ കൊച്ചു തിരമേനിയുടെ ദിവ്യ ഉറവയുടെ വാഹകനായ അഭിവന്ദ്യ പിതാവ്, കാതോലിക്കേറ്റിന്റെ മഹത്വത്തെ ഉദ്ഘോഷിക്കുന്ന പ്രഭാവമാണ്.

**'ഞാനറിയുന്ന അത്താനാസ്യോസ് തിരുമേനി'**

ദിവ്യസ്നേഹവും കരുതലും ആത്മാർത്ഥതയും പ്രവർത്തനസന്നദ്ധതയും തീക്ഷ്ണതയുടെയും ഗൗരവത്തിന്റെയും ബാഹ്യചട്ടക്കൂട്ടിൽ സംരക്ഷിക്കുന്ന ഉദാത്ത വ്യക്തിത്വമാണ് അഭിവന്ദ്യ തിരുമേനി. ജനകീയതയുടെ ബാഹുല്യവും ആധിക്യവും അച്ചടക്കവുമുള്ള ഒരു സംവിധാനം രൂപപ്പെടുത്തുന്നതിന് തടസ്സമാകാം. പ്രയോജനപ്രദമായ തീരുമാനങ്ങൾ ചിലപ്പോൾ കാർക്കശ്യത്തോടെസ്വീകരിക്കേണ്ടിവന്നാലും അതിലെ ഉദ്ദേശ്യശുദ്ധി ഗുണകരമെങ്കിൽ വിമർശനത്തിന് പ്രസക്തിയില്ല, വ്യക്തിബന്ധങ്ങളിലെ ഊഷ്മളതയും സ്നേഹവും വാക്കുകൾക്കതീതമാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഒരു സുവിശേഷകനായിരുന്ന എന്റെ അപ്പച്ചനോട് (പരേതനായ പി.എം. വർഗ്ഗീസ്, ഉള്ളന്നൂർ) തിരുമേനിയ്ക്കുണ്ടായിരുന്ന വാത്സല്യം എന്റെ മനസ്സിലും തിളങ്ങുന്നു. 1989-ൽ, ഒരു വലിയ ധനാഢ്യന്റെ കുടുംബത്തിലെ വിവാഹത്തിന് അഭിവന്ദ്യ പിതാവിന് ക്ഷണമുണ്ടായിട്ടും, സുവിശേഷകന്റെ മകന്റെ വിവാഹത്തിന് പ്രാധാന്യം നല്കി ഓടിയെത്തി, ആ കർമ്മം ആശീർവദിച്ച പിതാവ്, അത്തരക്കാരോട് പുലർത്തുന്ന മനോഭാവം എന്തെന്ന് ഞാൻ നേരിട്ടറിഞ്ഞ യാഥാർത്ഥ്യമാണ്. ഞാനുൾക്കൊള്ളുന്ന ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഇടയനായ പിതാവ് പാതയും പാഥേയവും, പാദവുമായിക്കണ്ട സഭാവിശ്വാസത്തിന്റെ സംരക്ഷകരായും നമുക്കു വർത്തിക്കാം.

'ഹംസഗീതം' നമുക്ക് പരിചിതമായ പദമാണ്. 'ഹംസം' എത്ര മനോഹരഗാനം ആലപിച്ചാലും, പ്രസാദ സന്ധ്യകളിലെ ഹംസാരവത്തിനായി മാമുനിമാർ കാത്തിരുന്നു.ആലപിച്ചതിനേക്കാൾ ശ്രേഷ്ഠഗാനം ഇനിയുമുണ്ടാകുമെന്ന വിശ്വാസമാണ് ഇതിനാധാരം. 'Heard Melodies are sweet, Those unheard are sweeter' എന്ന John Keats-ന്റെ വരികൾ പോലെ 'തിരുമേനി ചൊരിഞ്ഞതും പ്രകടിപ്പിച്ചതും ശ്രേഷ്ഠം. ഇതിലും ശ്രേഷ്ഠം വരുവാനുള്ളത്' എന്ന വിശ്വാസമുണ്ട്. വാർദ്ധ്യകൃത്തിലും പ്രസാദസന്ധ്യകളിലും ശ്രേഷ്ഠഗാനം ആലപിക്കുവാൻ പക്വമായ ദിവ്യഹംസമായ ഞങ്ങളുടെ വന്ദ്യപിതാവെ, അങ്ങ് ദീർഘായുഷ്മാനായ ജീവിച്ച് ദൈവത്തിന്റെ സഭയ്ക്കായി മനോഹര ഗാനങ്ങൾ ദിവ്യോക്തികളായും പ്രതിബദ്ധതാ മനോഭാവത്തോടെയും ചെയ്താലും..

# അത്താനാസിയോസ് കോൺട്രാമുണ്ടം

റ്റി.റ്റി. വറുഗീസ് ഓതറ

കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച അറിയോന്യ വേദവിപരീതത്തെ അടിയറവയ്പിച്ച്, ജഡാവതാരം ചെയ്ത ക്രിസ്തുവിന്റെ ദൈവത്വത്തെ മനുഷ്യമനസ്സുകൾക്ക് പരിചയപ്പെടുത്തിക്കൊടുത്ത അലക്സാന്ത്രിയായിലെ അത്താനാസിയോസ് പറഞ്ഞ പ്രസ്താവന സഭയുടെ ചരിത്രത്തിലെ നാഴികക്കല്ലായി മാറി. സത്യവിശ്വാസത്തിനുവേണ്ടി അഞ്ചുപ്രാവശ്യം നാടുകടത്തപ്പെട്ട അത്തനാസിയോസ് 2 പ്രാവശ്യം മരണവക്രം വരെ ചെന്നെത്തി. സത്യവിശ്വാസത്തിന് ഇതരരായ അനേകം ശത്രുക്കളെയും, ചക്രവർത്തിമാരെയും വെല്ലുവിളിച്ച പിതാവ് സഭയെ സത്യ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തി. ലോകം മുഴുവനും അത്തനാസിയോസിന് എതിരാണെന്ന് പറഞ്ഞ സ്നേഹിതനോട് അത്താനാസിയോസ് പറഞ്ഞ വാക്കുകളാണ് “അത്താനാസിയോസ് കോൺട്രാമുണ്ടം എറ്റ് മുണ്ടം കോൺട്രാ അത്താനാസിയോസ്” (ലോകം മുഴുവൻ എനിക്ക് എതിരാണെങ്കിൽ ഞാൻ ലോകത്തെ എതിർക്കുന്നു). തന്റെ ജീവിതം ലോകത്തിനും ലോക വ്യസ്ഥിതിയ്ക്കുമെതിരെയുള്ള പോരാട്ടമായിരുന്നു.

അമരണവാനായ അത്താനാസിയോസിന്റെ നാമം ശിരസ്സാ വഹിക്കുന്ന മലങ്കരയുടെ വലിയ തിരുമേനിയുടെ



ഒറ്റയാൾ പോരാട്ടം അനീതികൾക്കും അരാജകത്വത്തിനും ഛിദ്രവാസനകൾക്കും ശിഥിലീകരണ പ്രവണതകൾക്കും എതിരെയാണ്. ഭാരതത്തിന്റെ മണ്ണിൽ സാക്ഷ്യമായി മാറേണ്ട മലങ്കരസഭയുടെ പൈതൃകവും ചരിത്രനിയോഗവും സഫലമാകുവാൻ വാക്കിലും പ്രവൃത്തിയിലും സദാജാഗരൂകനായ അത്താനാസിയോസ് തിരുമേനിയെ ഞാൻ ആദരിക്കുന്നത് അദ്ദേഹത്തിന്റെ സുതാര്യത (accountability) നിമിത്തമാണ്. ആരെങ്കിലും ഒരു കൈമുത്തു കൊടുത്താൽ അത് കൃത്യമായി രസീതു നല്കി കണക്കുപുസ്കത്തിൽ അച്ചടിച്ചു രേഖപ്പെടുത്തുന്ന പുതിയ ശൈലിയുടെ പ്രോക്താവാണ് അത്താനാസിയോസ് തിരുമേനി. Misappropriation of public funds is the breach of trust എന്ന തിരുമേനിയുടെ ഘനഗംഭീരമായ വാക്കുകൾ ഹൃദയ ഭിത്തിയിൽ ഇന്നും പ്രതിധ്വനിക്കുന്നു. നാടോടുമ്പോൾ നടുവേ ഓടണം എന്ന ആധുനിക സിദ്ധാന്തത്തെ നഖശിഖാന്തം എതിർക്കുന്ന പിതാവ് അഴിമതിയും സ്വജനപക്ഷപാതവും എവിടെ കണ്ടാലും വിരല് ചൂണ്ടും തൂലിക ചലിപ്പിക്കും.

ഓരോ ഇടവകയും സഭയുടെ യൂണിറ്റാണെന്നും വസ്തുസമ്പാദനം ഉൾപ്പെടെയുള്ള കാര്യങ്ങൾ മലങ്കര മെത്രാപ്പൊലീത്തായുടെ പേരിലായിരിക്കണമെന്നും നിഷ്കർഷ പാലിക്കുന്ന തിരുമേനിയുടെ ആദർശ ശുദ്ധിയും കർക്കശനിലപാടുകളും മലങ്കര സഭയ്ക്ക് മുഴുവനും ശക്തമായ മാതൃകയാവട്ടെ. പളളികൾ സ്ഥാപിക്കുമ്പോൾ മാത്രമല്ല സ്കൂളുകൾ ആർജിക്കുമ്പോഴും അത് സഭയുടെ സ്വന്തം ആയിരിക്കണമെന്ന് പിതാവിന് നിർബന്ധമുണ്ട്.

മഹാനായ അത്താനാസിയോസിന്റെ ജീവിതം ലോകത്തിനെതിരായുള്ള ഏക മനുഷ്യന്റെ പോരാട്ട വിജയം എന്നു പറയുവാൻ തക്കതായിരുന്നു. കപ്പദോക്യൻ പിതാവായ ബസേലിയോസ് അത്താനാസിയോസിനെക്കുറിച്ച് പറയുന്ന വാക്കുകൾ ഇപ്രകാരമാണ്: കപ്പലുകൾക്ക് അലക്സാന്ത്രയൻ കടൽതീരത്തെ വിളക്കുമരം പോലെയായിരുന്നു വിശ്വാസികൾക്ക് അത്താനാസിയോസ്. രാത്രിയിലെ കൂരിരുട്ടിന്റെ നടുവിലും അലകളുതിർക്കുന്ന കൊടുങ്കാറ്റിലും എല്ലാ കണ്ണുകളും അഭയസങ്കേതമായ അത്തനാസിയോസിനെ ഉറ്റുനോക്കുമായിരുന്നു. വിശ്വവിഖ്യാതനായ വില്യം ഷേക്സ്പിയറിനെക്കുറിച്ച് ബെൻ ജോൺസൺ എഴുതിയിരിക്കുന്ന വാക്കുകൾ മലങ്കരയുടെ മഹാനായ അത്താനാസിയോസിനെക്കുറിച്ച് ചേർത്ത് വച്ച് ഉപസംഹരിക്കുന്നു.

Soul of the age, the applause,

delight, the wonder of our stage

# അപൂർവ്വത നിറഞ്ഞ യൗവ്വനം

പി.എം. കോരുത് മുളക്കുഴ

ഭാഗ്യ സ്മരണാർഹനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അന്ത്യാഭിലാഷമായ, പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയുടെ ചാപ്പലായി മുളക്കുഴയിൽ ആരംഭിച്ച ദേവാലയമാണ്, 65 വർഷങ്ങൾ പിന്നിട്ട, മുളക്കുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി. ഏകദേശം 60 വർഷങ്ങൾക്ക് മുമ്പ് പ്രസ്തുത ചാപ്പലിലെ ബലി പീഠശുശ്രൂഷകൻ, സൺഡേസ്കൂൾ അധ്യാപകൻ, യുവജനപ്രസ്ഥാന പ്രവർത്തകൻ എന്നീ നിലകളിൽ കിഴക്കേതലയ്ക്കൽ കെ. റ്റി. തോമസ് (ബാബുസാർ) എന്ന ബിരുദധാരിയായ യുവാവുമായി തുടങ്ങിയ ഈ ലേഖകന്റെ ബന്ധം, മലങ്കരസഭയുടെ വലിയ മെത്രാപ്പൊലീത്തായുമായുള്ള ആത്മബന്ധമായി പൂർത്തീകരിക്കുന്നു. അത് നിത്യതയിലും തുടരുമെന്ന് ദൃഢമായി വിശ്വസിക്കുന്നു.

ജീവിതത്തിൽ സംഭവിക്കുന്നതൊന്നും യാദൃശ്ചികമല്ല. എല്ലാം ഓരോ നിയോഗം. ഏതാണ്ട് 60 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച, ആ യൗവ്വനകാലത്തെ ബന്ധത്തെക്കുറിച്ചുള്ള ഒരു അനുസ്മരണാവസരം. കേവലം ഒരു സാധാരണ വിശ്വാസിക്കു ലഭിക്കുന്നതും ദൈവനിയോഗം തന്നെ. “ഉയരത്തിൽ എത്തണമെങ്കിൽ താഴെ നിന്നേ തുടങ്ങണം” എന്ന വാക്യം ചിന്തകനായ സൈറസിന്റേതാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആത്മീകവും ഭൗതികവുമായ വളർച്ചയ്ക്ക് നിദാനം ഭദ്രാസനാധിപനായ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ദീർഘവീക്ഷണവും ഭരണമികവുമാണെന്ന് മലങ്കര സഭ ആകമാനം ഇന്ന് അംഗീകരിക്കുകയും 1960-63 കാലയളവിൽ, സെറാമ്പൂരിൽ വൈദികവിദ്യാർത്ഥി ആയിരിക്കുമ്പോൾ അവധിക്കാലത്തു നാട്ടിൽ എത്തുമ്പോൾ മുളക്കുഴ ചാപ്പലിലും സമീപത്തുമുള്ള അഭ്യസ്ഥവിദ്യരായ യുവാക്കളെ സംഘടിപ്പിച്ച്, വെക്കേഷൻ ബൈബിൾ ക്ലാസ് എന്ന ആശയം പ്രാവർത്തികമാക്കിയത് കെ.റ്റി. തോമസ് എന്ന യുവാവായിരുന്നു. മലങ്കരസഭയിലോ, ഇതര ക്രിസ്തീയ സഭകളിലോ വെക്കേഷൻ ബൈബിൾ ക്ലാസ്സുകൾ അക്കാലത്ത് നിലവിലുണ്ടായിരുന്നതായി അറിവില്ല. റവ. ഫാ. എൻ.ജി. കുര്യൻ നാടാവളളിൽ, റവ. ഫാ. കെ. ഡേവിഡ് ബി.എ.ബി.എഡ്., റവ. ഫാ. ടി.ജെ. ജോഷ്വാ മുതലായി അക്കാലത്തെ പണ്ഡിതരും പ്രശസ്തരുമായ വന്ദ്യ ആചാര്യന്മാരുടെ നേതൃത്വത്തിൽ, പരിശുദ്ധ സഭയുടെ അടിസ്ഥാന

> “
> മുളക്കുഴ സെന്റ് മേരീസ് ചാപ്പലിൽ ബീജാവാപം നടത്തിയ വേദപഠന ക്ലാസ്സുകളാണ് പില്ക്കാലത്ത് വിബിഎസ് ആയും ഒ വി ബി എസ് ആയും രൂപാന്തരം പ്രാപിച്ചത്.

വിശ്വാസങ്ങളായ വി. കുർബ്ബാന, സഭയും വേദപുസ്തകവും, സഭയും പാരമ്പര്യവും പരിശുദ്ധാത്മാവ് - അപ്പസ്തോലിക സഭയും പരിശുദ്ധാത്മാവും, വി. പൗലോസിന്റെ വേദശാസ്ത്രം, വി. പൗലോസിന്റെ കാരാഗ്രഹ ലേഖനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് മൂന്നും നാലും ദിവസങ്ങളോളം ദീർഘമായ ക്ലാസ്സുകളും തുടർ ചർച്ചകളും നടത്തി യുവാക്കളെ അഭ്യസിപ്പിച്ചിരുന്നു. ആ ക്ലാസ്സുകളുടെ പഠനകുറിപ്പുകൾ, വിശ്വാസസ്ഥിരതയ്ക്കും, തുടർപഠനത്തിനും, വരും തലമുറയ്ക്ക് സംശയനിവാരണത്തിനും ഉപയോഗിക്കാനുതകുന്ന അമൂല്യമായ രേഖകളാണ്. ഈ ആധുനിക കാലത്തുപോലും, മൂന്നും, നാലും ദിവസങ്ങൾ വേദപഠന ക്ലാസ്സുകൾ നടത്തുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് സംഘാടകരായ നേതാക്കൾക്കറിയാം. അപ്പോൾ അറുപതു വർഷങ്ങൾക്കുമുമ്പ് അനുഭവിക്കേണ്ടിവന്ന ക്ലേശങ്ങൾ ഊഹിക്കാവുന്നതിലും അപ്പുറത്താണ്. ഇതിനെല്ലാം യുവാക്കളായ ഞങ്ങൾക്ക് നേതൃത്വം നല്കിയത് കെ.റ്റി. തോമസ് എന്ന യുവാവായിരുന്നു. ഈ വേദപഠനക്ലാസുകളിൽ വിദ്യാർത്ഥികളായിരുന്ന പലരും, വാർദ്ധക്യദശയിൽ, ഭാരതത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഇന്നും ജീവിച്ചിരിപ്പുണ്ട്. അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ പ്രാരംഭം മുളക്കുഴ സെന്റ് മേരീസ് ചാപ്പലിലെ വിശ്വാസി സമൂഹത്തിലായിരുന്നു എന്നത് കൃതജ്ഞതയോടെ സ്മരിക്കുന്നു. അവിടെ ബീജാവാപം നടത്തിയ വേദപഠന ക്ലാസ്സുകളാണ് പില്ക്കാലത്ത് വിബിഎസ് ആയും ഓ വി ബി എസ് ആയും രൂപാന്തരം പ്രാപിച്ചത്. ശതാഭിഷേകവും നവതിയും പിന്നിട്ട് ആയുരാരോഗ്യത്തോടെ മലങ്കരസഭയ്ക്ക് നേതൃത്വം നല്കുവാൻ സർവ്വശക്തനായ ദൈവം അഭിവന്ദ്യ തിരുമേനിയെ അനുഗ്രഹിക്കട്ടേയെന്ന്, മുളക്കുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ വിശ്വാസി സമൂഹം പ്രാർത്ഥിക്കുന്നു.

# തലമുറ തലമുറ കൈമാറിയോ?

**സച്ചിൻ സണ്ണി,** ആറ്റുവാ



വിദ്യാഭ്യാസം സ്ഥാപനവത്ക്കരിക്കപ്പെടുകയും അതിലുപരി വാണിജ്യവൽക്കരിക്കപ്പെടുകയും ചെയ്യുന്ന ആധുനിക കാലയളവിൽ സ്ഥാപനങ്ങളുടെ വളർച്ചയേക്കാൾ വിദ്യാർത്ഥികളുടെ പരിപോഷണത്തിനായി ഏറെ ആഗ്രഹിക്കുന്ന മലങ്കരസഭയുടെ വലിയ തിരുമേനിക്ക് എന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ. ഓരോ വിദ്യാർത്ഥിയുടെയും സർവ്വതോന്മുഖമായ വളർച്ചയും ഉയർച്ചയും സ്വപ്നം കാണുന്ന മഹാപുരോഹിതൻ ഞങ്ങളിൽ അന്തർലീനമായ സാദ്ധ്യതകളെയും അഭിരുചികളെയും തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നു എന്നത് അനുഭവ സാക്ഷ്യമാണ്. ആത്മീയ വളർച്ചയ്ക്ക് ദൈവവിളി സംഘവും ഭൗതിക-ബൗദ്ധിക വളർച്ചയ്ക്ക് വിദ്യാജ്യോതിയും ഗുരുവന്ദനവും ആവിഷ്ക്കരിച്ച വന്ദ്യപിതാവിന് ജന്മദിനാശംസകൾ നേരുന്നു.

ഊർജ്ജസ്വലമായ അങ്ങയുടെ വാക്കുകൾ "അച്ഛാ - വെരി ഗുഡ് ഫൈൻ", "ഗോ എഹെഡ്" - തുടങ്ങിയവ ഞാനുൾപ്പെടെയുള്ള അനേക വിദ്യാർത്ഥികൾക്ക് പ്രചോദനമായി. കർമ്മനിരതനായ തിരുമേനിയെ ഒരു നിമിഷംപോലും അലസനായി ഞങ്ങൾ കണ്ടിട്ടില്ല. പുതിയ ചിന്തകൾ മൊട്ടിടുന്ന ആ ദിവ്യമനസ്സിൽ രൂപം കൊണ്ട ശിശുദിനവും ദശാംശപദ്ധതിയും ലോൺ സ്കോളർഷിപ്പും യുവതലമുറയ്ക്ക് വലിയ പ്രചോദനമായി. കാരുണ്യത്തിന്റെ പുതിയ കാൽവെയ്പുകളെ സഭ ഒന്നടങ്കം ഒരേ മനസ്സോടെ ഏറ്റുവാങ്ങുന്നു.

സമൂഹത്തിൽ നടമാടുന്ന അഴിമതിയും അനീതിയും അരാജകത്വവും ഒരു ആത്മനൊമ്പരത്തോടെ തിരുമേനി വീക്ഷിക്കുന്നു. കാലത്തിന്റെ ചുവരെഴുത്തുകളും സഭയുടെ ദൗത്യവും ഒരു പ്രവാചകവീര്യത്തോടെ പ്രതിഫലിപ്പിക്കുന്നു. രക്ഷാകർത്താക്കൾ ഗൗരവത്തോടെ പരിഗണിക്കേണ്ട ഒരു പ്രായോഗികതത്വം അഭിവന്ദ്യ തിരുമേനിയിൽ നിന്ന് കേട്ടത് ഇപ്രകാരമാണ്. മാതാപിതാക്കൾ മക്കളെ ജനിപ്പിച്ചാൽ മാത്രം പോരാ. മക്കളുടെ ആത്മാവിൽ ദൈവത്തെയും ജനിപ്പിക്കണം.

> "
> മാതാപിതാക്കൾ മക്കളെ ജനിപ്പിച്ചാൽ മാത്രം പോരാ. മക്കളുടെ ആത്മാവിൽ ദൈവത്തെയും ജനിപ്പിക്കണം. മതരമായ രഹസ്യങ്ങളാണ് അഥവാ വിശ്വാസസംഹിതകളാണ് തലമുറകളിലേക്ക് കൈമാറേണ്ടത്.

മതരമായ രഹസ്യങ്ങളാണ് അഥവാ വിശ്വാസസംഹിതകളാണ് തലമുറകളിലേക്ക് കൈമാറേണ്ടത്. അതിനുപകരം സ്വത്തിന്റെയും സമ്പാദ്യത്തിന്റെയും ഷെയറിന്റെയും രഹസ്യവും രസീതുകളും മാത്രം മക്കളിലേയ്ക്ക് കൈമാറുന്നതാണ് ഇന്നത്തെ എല്ലാ അപജയത്തിന്റെയും കാരണം.

ഹീലിയം കയറ്റിയ ബലൂൺ ആകാശവിതാനത്തിൽ പറന്നുയരുന്നു. എന്നാൽ മറ്റു സാധനങ്ങളൊക്കെ മുകളിൽ നിന്നു താഴേക്കു വീഴുന്നു. ഭൂമിയുടെ ഗുരുത്വാകർഷണ ശക്തിയാണ് അതിനു കാരണം. ഭൂമിയുടെ പ്രലോഭനങ്ങളെ പരാജയപ്പെടുത്തി ഉയർന്നുയർന്നു പോകുന്ന ഹീലിയം ബലൂണുകളെപ്പോലെയാകണം നമ്മുടെ വിശ്വാസജീവിതം. ബാഹ്യമായ പരിമിതികളും വിപരീതാനുഭവങ്ങളും ജീവിതത്തിൽ അഭിമുഖീകരിച്ചാലും മതാനുഷ്ഠാനങ്ങളും ആചാരങ്ങളും വിശ്വാസ സംഹിതകളും ആന്തരീക പ്രേരണയായി നമ്മെ ഉയരങ്ങളിലേക്ക് നയിക്കും.

മറ്റുള്ളവരുടെ സ്വാധീനവും നിയന്ത്രണവും ഒരു പരിധി വരെ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാമെങ്കിലും നാം എന്തായിത്തീരണമെന്നു നിശ്ചയിക്കാനുള്ള ഉത്തരവാദിത്വം നമ്മിൽ തന്നെയാണ്.

നമ്മുടെ മാതാപിതാക്കൾ, ഗുരുജനങ്ങൾ, വൈദീകർ, സുഹൃത്തുക്കൾ തുടങ്ങിയവർ കുറെയൊക്കെ സ്വാധീനിക്കുമെന്നത് നിഷേധിക്കാവുന്നതല്ല. എന്നാൽ നാമെന്തായിത്തീരണമെന്നുള്ളത് goals and ambitions ആത്യന്തീകമായി നമ്മുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യങ്ങളാണ്. അനുകൂലമല്ലാത്ത അന്തരീക്ഷവും സാഹചര്യവുമുണ്ടെങ്കിൽ അതുപേക്ഷിച്ച് അനുയോജ്യവും ഗുണകരവുമായതു തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും കഴിവും ദൈവം നമുക്കു നല്കിയിട്ടുണ്ട്. പക്ഷേ, ചുരുക്കം പേർ മാത്രമേ ആ കഴിവും അവസരവും പ്രയോഗിക്കുന്നുള്ളൂ. നമ്മുടെ ശാരീരികവും ആത്മീകവുമായ ശക്തി കെടുത്തിക്കളയുന്ന നിഷേധാത്മ വ്യക്തികളെയും സാഹചര്യങ്ങളെയും നാം വിട്ടുമാറണം. നമ്മുടെ സമയവും താലന്തുകളും ചോർത്തിക്കളയാതെ ആത്മാവിനു കുളിർമയും മനസ്സിനു പോഷണവും ഹൃദയത്തിനു ഉന്മേഷവും പകരുന്ന സാഹചര്യങ്ങൾ സൃഷ്ടിച്ചെടുക്കാൻ നാം സ്വയം ശ്രമിക്കേണ്ടതാണ്.

"ജഡത്താൽ ജനിച്ചത് ജഢവും, ആത്മാവിൽ ജനിച്ചത് ആത്മാവുമാകുന്നു" എന്ന കർത്തൃവചനം പ്രായോഗികമാക്കേണ്ടത് ക്രമമായ ആരാധനയിലൂടെയും ചിട്ടയായ നോമ്പനുഷ്ഠാനങ്ങളിലൂടെയുമാണ്. അവിശ്വാസത്തിന്റെയും, അന്ധവിശ്വാസങ്ങളുടെയും, സാത്താന്യ ആരാധനകളുടെയും ദുഷിപ്പുകളെ തുരുത്തുവാൻ ആത്മീയ വരദാനങ്ങളെ ഉജ്ജ്വലമാക്കുവാൻ, വിശ്വാസമൂല്യങ്ങളെ തലമുറകളിലേക്ക് പകർന്നു നല്കുവാൻ സഭാജീവിതം പ്രാപ്തമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# ഹൃദയരാഗം

ഇ.വൈ. കോശി, വെൺമണി



എന്റെ മനസ്സിലൊരാരാമമുണ്ടായിരുന്നു.
എന്റെ തീവ്രദുഃഖത്തിൻ ചൂടിൽ
അതുണങ്ങിപ്പോയി.
തണൽ തേടി ഞാനലഞ്ഞു.
വറ്റിവരണ്ടുണങ്ങിയ മണ്ണ് നീരിനായ് കൊതിച്ചു.
തെളിനീരുറവപോലെ
എന്റെ കണ്ണു നിറഞ്ഞൊഴുകി.
താഴെ വീണു ചിതറി പളുങ്കുമണി
നനഞ്ഞില്ല മുത്ത്
ദാഹിച്ചു പിന്നെയുമവനി,
പിന്നെയും കരഞ്ഞു ഞാൻ നീരിനായ്
എന്റെ മിഴികൾ വറ്റിവരണ്ടുപോയി.
കനലായികത്തിയെരിയുന്നർക്കൻ
ആടിയുലഞ്ഞു ഇളങ്കാറ്റിലെൻ ജീവിതനൗക.
എന്റെ ദുഃഖം എന്തേതുമാത്രം
അപരന്റെ ദുഃഖവുമെന്റേതു തന്നെ
എന്റെയിഷ്ടമല്ല പിന്നെ നിന്റെയിഷ്ടം
ഗദ്സമനയിൽ കേട്ട ശബ്ദത്തിൻ
തിരത്തള്ളലിൽ മനമുറച്ചു നിന്നു ഞാൻ
തളിർത്തു തഴയ്ക്കും കരിഞ്ഞുണങ്ങിയ-
പ്രതീക്ഷതൻ തളിരില
അങ്കുരിച്ചുണരും വീണ്ടുമൊരാരാമം
എന്റെ ഹൃദയവനികയിൽ

ഏവൻഗേലിയോൻ ചിന്തകൾ




# വചന തപസ്യ

ഫാ. മത്തായി സഖറിയ, ഇടവങ്കാട്

**വലിയ നോമ്പിലെ ആറാം ഞായർ (സമയോ)**

**(കുരുടനെ സൗഖ്യമാക്കിയ ഞായർ)**

**കാതോലിക്കാ ദിനം, മാർച്ച് 18**

**വി. യോഹ. 9:1-41**

പിറവിയിലെ കുരുടനായി ജനിച്ച മനുഷ്യന്റെ കണ്ണിൽ, നിലത്തു തുപ്പി ചേറുണ്ടാക്കി അതു തേച്ച് ശീലോഹാം കുളത്തിൽ കഴുകി സൗഖ്യം കൊടുത്ത സംഭവത്തെ ഓർക്കുന്ന ഞായർ. ഈ സൗഖ്യദാനവും ശാബ്ബതിൽ നടന്നതിനാൽ പരീശൻമാർ കർത്താവിനെ കുടുക്കുവാൻ സൗഖ്യം പ്രാപിച്ച മനുഷ്യനെയും അവന്റെ മാതാപിതാക്കളെയും സമീപിക്കുന്നതായി ഈ വേദഭാഗം വരച്ചു കാണിക്കുന്നു. ജനിച്ച നാൾ മുതൽ ഈ ലോകത്തിന്റെ സൗന്ദര്യവും ജീർണ്ണതയും കാഴ്ച എന്ന അനുഭവത്താൽ അറിഞ്ഞിട്ടില്ലാത്ത മനുഷ്യൻ. ലോകത്തിന്റെ പ്രകാശമായവൻ കാഴ്ച കൊടുക്കുന്നു.

**സൃഷ്ടാവിനെയും സൃഷ്ടിയെയും കണ്ടവൻ**

അന്ധനായ മനുഷ്യൻ ശിലോഹാമിൽ പോയി കർത്താവ് തന്റെ കണ്ണിനു മുകളിൽ തേച്ച ചേർ കഴുകി കളഞ്ഞു കാഴ്ച പ്രാപിച്ചു. യേശു തമ്പുരാൻ കുരുടനായവന് ക്ഷണത്തിൽ കാഴ്ച കൊടുക്കാമായിരുന്നു; എന്തിന് അവനെ ശീലോഹാം വരെ അയച്ചു. കാഴ്ച പ്രാപിച്ചവൻ ഈ ലോകത്തിന്റെ സൗന്ദര്യം കണ്ട് കാഴ്ച കൊടുത്തവനെ മറക്കാതെ അന്വേഷിക്കണം; ലോകത്തിന്റെ പ്രകാശമായവനെ കാണുമ്പോഴാണ് ജീവിതത്തിൽ ആത്മ നിർവൃതിയുണ്ടാകുന്നത്. ജനിച്ച നാൾ മുതൽ ഈ ലോകത്തിന്റെ കാഴ്ചകൾ ആസ്വദിക്കുകയും മങ്ങിയ കാഴ്ചകൾക്ക് കണ്ണടകൾ മാറുകയും ചെയ്യുമ്പോൾ അന്ധകാരത്തിന്റെ ഇരുളിൽ നാം ലോകത്തിന്റെ പ്രകാശമായവനെ കണ്ടെത്തണം,

**ഉൾക്കണ്ണിന്റെ കാഴ്ച ഇന്നിന്റെ ആവശ്യകത**

"ഈ ലോകത്തിൽ എളിയവന് ചെയ്യുന്നത് എനിക്കാവുന്ന എന്നരുളിയ നാഥൻ" അട്ടപാടിയിൽ മധു എന്ന ചെറുപ്പക്കാരന് സമൂഹം കൊടുത്ത വേദനയുടെ സമ്മാനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചിട്ടുണ്ടാകുമോ? സമസൃഷ്ടികളിൽ ദൈവത്തെ കാണാൻ കഴിയാതെ വരുമ്പോൾ എളിയവന്റെ നൊമ്പരം കാണാൻ കഴിയാതെ ആകുമ്പോൾ വിശക്കുന്നവന്റെ മുമ്പിൽ നിന്റെ പാഥേയം തുറന്നുവെയ്ക്കുവാൻ മനസ്സു കാണിക്കാത്തപ്പോൾ ബാധ്യതകളുടെ ആഴിയിൽ മുങ്ങിപ്പോകുന്നവന് സഹായ ഹസ്തം നീട്ടാൻ കഴിയാത്തവൻ ഇനിയും കാഴ്ച പ്രാപിക്കാത്ത കുരുടന്മാരാണ്. കർത്താവേ എന്റെ ഉൾക്കണ്ണിന്റെ തെളിച്ചമുള്ള കാഴ്ച പ്രാപിക്കാൻ അനുഗ്രഹിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ഓശാന ഞായർ**

**വി. യോഹന്നാൻ 19: 28-40, മാർച്ച് 25**

വിശുദ്ധവാരത്തിന്റെ കവാടം - ഓശാന ഞായർ കർത്താവായ യേശു തമ്പുരാന്റെ മനുഷ്യാവതാരത്തിന്റെ സ്മരണയിൽ വിശ്വാസികൾ ആത്മീയതയിൽ നിറയുന്ന നാളുകൾ സമാഗതമാകുന്നു. അനവധി സൂചനകളും സന്ദേശങ്ങളും പകരുന്ന കർത്താവിന്റെ യെറുശലേം ദേവാലയ പ്രവേശനത്തിന്റെയും സമൂഹം നല്കുന്ന വരവേല്പ്പിന്റെയും സ്മരണ പുതുക്കുന്ന പെരുന്നാളാണല്ലോ ഓശാന.

**കർത്താവിന്റെ രണ്ടാം വരവിന്റെ മുന്നാസ്വാദനം - ഓശാന പെരുന്നാൾ**

ക്രിസ്ത്യാനിയുടെ പ്രത്യാശ, കർത്താവിന്റെ വീണ്ടും വരവിലാണ്; അതിനുവേണ്ടി നാം നോക്കി പാർക്കുകയും

ചെയ്യുന്നു. അക്ഷരാർത്ഥത്തിൽ ഓശാന പെരുന്നാളിൽ കർത്താവിന്റെ രണ്ടാം വരവാണ്. വിശുദ്ധന്മാരും ശുദ്ധിമതികളും ആദി മുതൽ ഇന്നുവരെ കടന്നുപോയ മാതാപിതാക്കളും അടങ്ങുന്ന രക്ഷിതഗണം കരുത്തോലകൾ ഏന്തി കർത്താവിനെ സ്വീകരിക്കുവാൻ ഒരുങ്ങിയ പോലെയാണ് നാമും ഈ പെരുന്നാളിൽ ആയിത്തീരുന്നത്. കർത്താവിന്റെ കഷ്ടാനുഭവത്തിന് മുന്നോടിയാണെങ്കിലും ഈ ദിവസം ശിശുക്കളും മുതിർന്നവരും ഒരുപോലെ ആത്മസന്തോഷം അനുഭവിക്കുന്ന പെരുന്നാളാണ്. ക്രിസ്തുവിന്റെ ആഘോഷപൂർണ്ണമായ വരവിനുവേണ്ടി ഒലിവിൻ ചില്ലകളാകുന്ന വിശുദ്ധിയോടെ പൂക്കളും ചില്ലകളുമാകുന്ന സത്ഫലങ്ങളോടെ ജീവിതത്തെ ഒരുക്കാം.

**അതിക്രമങ്ങൾക്കും അനീതിക്കും എതിരെ ചാട്ടവാറോങ്ങിയ പെരുന്നാൾ**

ഒരു കർണ്ണത്ത് അടിക്കുന്നവന് മറ്റേതുകൂടി കാണിച്ചുകൊടുക്കാൻ പറഞ്ഞ കർത്താവ്, ഉദ്ദേശങ്ങൾ മറന്ന പ്രവർത്തനങ്ങൾക്കും അനീതിക്കും അതിക്രമങ്ങൾക്കും എതിരെ ചാട്ടവാർ എടുത്തത് ശ്രദ്ധേയമാണ്. ആ ശുദ്ധീകരണം ആരംഭിച്ചത് തന്റെ വാസസ്ഥലമായ ദേവാലയത്തിൽ നിന്നാണ്. ഈ ചാട്ടവാർ ഉപയോഗം രണ്ടാംവരവിന്റെ പ്രതിഫലനങ്ങളിൽ ഉളവാകുന്ന ന്യായവിധിയുടെ മുൻകുറിയായും കാണപ്പെടുന്നു. പാവപ്പെട്ടവന് നീതി നിഷേധിക്കുന്ന അവനെ കബളിപ്പിക്കുന്ന പീഠങ്ങളെ മറിച്ചിടപ്പെടുക തന്നെ ചെയ്യും എന്ന സന്ദേശവും ഊശാന നമുക്ക് പകർന്നു നല്കുന്നു.

**ഉയിർപ്പു പെരുന്നാൾ**

**വി. മർക്കോസ് 16: 1–8, ഏപ്രിൽ 1**

പുനരുദ്ധാന പെരുന്നാൾ ഓർത്തഡോക്സ് ആരാധനയുടെ മകുടമായ ദിനം. ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ കഷ്ടതകളുടെ ആഴം വലിയതാണെങ്കിലും പരിശുദ്ധ സഭ എന്നും എടുത്തു കാട്ടാൻ ആഗ്രഹിക്കുന്നത് പ്രത്യാശയുള്ള സന്തോഷത്തിന്റെ ഉയർപ്പു ചിത്രമാണ്. ക്രിസ്തു ഉയർത്തെഴുന്നേറ്റ പ്രഭാതം പോലെ ആ പ്രഭാതത്തിലെ സദ്വാർത്ത പരത്തിയ സന്തോഷം ആ സന്തോഷത്താൽ നേടിയ സമാധാനം പോലെ മറ്റൊന്നും ചൂണ്ടിക്കാട്ടുവാൻ ഇല്ലയെന്നത് വാസ്തവം.

**ഉയർപ്പിന്റെ അന്വേഷണം**

ക്രിസ്തു മരിച്ച് മൂന്നാം നാൾ ഉയർക്കും എന്ന് തങ്ങളോട് മുൻകൂട്ടിയറിയിച്ചിട്ടും തനിക്കു പ്രിയപ്പെട്ടവർ മരിച്ച ക്രിസ്തുവിനെ അന്വേഷിക്കുന്നു. ദൈവത്തിന്റെ ദൂതൻ അവരോട് ചോദിച്ചു "നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത്?" നമ്മുടെ അന്വേഷണം ഈ പെരുന്നാളിൽ ജീവനുള്ളവനെ തേടുന്നതാവണം. പാപത്തിൽ വീണ്ടും വീണ്ടും മരിക്കുവാൻ ഇടയായി തീരുമ്പോൾ എനിക്കുവേണ്ടി കഷ്ടതയനുഭവിച്ച് എനിക്കുവേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ധ്യാനിക്കണം. ജീവനുള്ളവനായി മാറാം, ജീവനുള്ളവനെ അന്വേഷിക്കുന്നവരാകാം.

**ഉയർപ്പിന്റെ സമാധാനം**

എന്താണ് സമാധാനം? ഭാരങ്ങളാൽ കുലുങ്ങാത്തവൻ, നൊമ്പരത്തിൽ കരയാത്തവൻ, ആകുലതകളിൽ നട്ടം തിരിയാത്തവൻ, കഷ്ടതകളിൽ നെടുവീർപ്പിടാത്തവൻ എങ്ങനെ സമാധാനം ആസ്വദിക്കും. ഈ ഉയിർപ്പു പെരുന്നാൾ നല്കുന്നത് സമാധാനം, ക്രിസ്തുവിനോടൊപ്പം കഷ്ടപ്പാടനുഭവിച്ചത് അഥവാ തന്റെ കുരിശിന്റെ ചുമടുതാങ്ങിയവന്റെ അല്ലെങ്കിൽ താൻ ഏറ്റ ഓരോ അടിയുടെയും വേദന ദൂരത്തെങ്കിലും നിന്നെങ്കിലും അറിഞ്ഞവനുള്ളതാണ്. അവന്റെ വേദനയിൽ സമരസപ്പെടുവാൻ കഴിയാത്തവർക്ക് ഈ പെരുന്നാളിന്റെ സമാധാനം നേടാൻ കഴിയില്ല.

## ഓർമ്മപ്പെരുന്നാൾ

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രമായ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന മലങ്കര മെത്രാപ്പൊലീത്തന്മാരായ ആറാം മാർത്തോമ്മാ (1808), എട്ടാം മാർത്തോമ്മാ (1816), കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് (1951) എന്നീ പുണ്യപിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ 2018 ഏപ്രിൽ 8 മുതൽ 17 വരെ പരിശുദ്ധ ബാവാ തിരുമനസ്സിന്റെയും അഭിവന്ദ്യ തിരുമേനിമാരുടെയും കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു

വി. കുർബാനാനന്തരം നടത്തുന്ന സമ്മേളനത്തിൽ 6-ാം മാർത്തോമ്മാ അവാർഡ് പ്രശസ്ത നോവലിസ്റ്റ് ബെന്യാമീന് നല്കുന്നതാണ് എന്ന് ഫാ. വിൽസൺ ശങ്കരത്തിൽ (വികാരി), ഫാ. റെന്നി തോമസ് (സഹ വികാരി), ബിജു അലക്സാണ്ടർ (ട്രസ്റ്റി), റോയി ചെറിയാൻ (സെക്രട്ടറി), സുനിൽ പി. ഉമ്മൻ (ജനറൽ കൺവീനർ) എന്നിവർ അറിയിച്ചു.

## പി. പി. മാത്യു അസാധാരണ വ്യക്തിത്വം

**അനുസ്മരണം**

**അഡ്വ. തോമസ് ഫിലിപ്പ്**



പരി. സഭയെ ഹൃദയപൂർവ്വം സ്നേഹിക്കുകയും സഭാപിതാക്കന്മാരോട് ആദരവോടെ പെരുമാറുകയും ചെയ്ത കടവത്രയിൽ പി.പി. മാത്യു (97, മാത്തുച്ചായൻ) ഓർമ്മയായി. ഏറെ നാളത്തെ സഹവാസവും സഹകരണവും മാത്തുച്ചായനെ അടുത്തു അറിയുന്നതിന് സഹായിച്ചു. പിതൃതുല്യമായി ഞാൻ അദ്ദേഹത്തെ കാണുകയും എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗദർശിയായി ഭവിക്കുകയും ചെയ്തു. 1982 – 92 കാലയളവിൽ സഭാ മാനേജിംഗ് കമ്മറ്റിയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചപ്പോൾ ആ മഹത്വം കൂടുതലായി എനിക്ക് ബോധ്യമായി. അതിനു മുമ്പും പി.പി. മാത്യു മാനേജിംഗ് കമ്മറ്റിയിലെ സജീവ സാന്നിധ്യമായിരുന്നു. ചെങ്ങന്നൂർ ഭദ്രാസന രൂപീകരണത്തിൽ മാത്തുച്ചായന്റെ പങ്ക് നിർണ്ണായകമായിരുന്നു. കലാ സാംസ്കാരിക രംഗത്ത് ചിപ്പി മൾട്ടി തിയറ്റർ കോംപ്ലക്സ് ബഹുനില ഹോസ്റ്റലുകൾ തുടങ്ങിയ സൗധങ്ങൾ ചെങ്ങന്നൂരിന്റെ പ്രതിച്ഛായ വർദ്ധിപ്പിച്ചു. കാലം ചെയ്ത പരി. കാതോലിക്കാ ബാവാമാർ, കേന്ദ്രമന്ത്രി എം. എം. തോമസ്, സി.എം. സ്റ്റീഫൻ,അഭിവന്ദ്യ തിരുമേനിമാർ, മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ. എം. മാത്യു, പടിഞ്ഞാറേക്കര പി.സി. ഏബ്രഹാം, ഡോ. കെ.എം. തരകൻ എന്നിവരോട് വച്ചു പുലർത്തിയ ആത്മബന്ധം വാക്കുകൾക്കതീതം . പുരാതന രേഖകൾ സൂക്ഷിച്ചു വയ്ക്കുന്നതിനും വ്യക്തിബന്ധങ്ങൾ നിലനിർത്തുന്നതിനും കാണിച്ച താല്പര്യം എടുത്തു പറേണ്ടതാണ്. അതിഥി സൽക്കാരത്തിലും ആരാധനാകാര്യത്തിലും പുലർത്തിയ താല്പര്യം അവിസ്മരണീയമാണ്. നല്ല വടിവൊത്ത അക്ഷരങ്ങളുടെ ഉടമയുമാണ്.

---

കോട്ടയം പഴയ സെമിനാരിയിൽ നിയുക്ത കാതോലിക്കാ ഡോ. മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ 1975 ഓഗസ്റ്റ് 19 ചൊവ്വാഴ്ച കൂടിയ 1975ലെ രണ്ടാമത്തെ മാനേജിംഗ് കമ്മറ്റി യോഗ മിനിറ്റ്സിൽ നിന്ന് :

***9. മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്കുള്ള നിയമനം***

*മാനേജിംഗ് കമ്മറ്റി അംഗങ്ങളായിരുന്ന ദി.ശ്രീ. ഫാ. റ്റി.എം. ഗീവറുഗീസിന്റെയും ശ്രീ. തോമസ് വറുഗീസിന്റെയും നിര്യാണം മൂലം മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്കു നിയമനം നടത്തുന്നതിനെ പറ്റി യോഗം ആലോചിച്ചു. ദി.ശ്രീ. ഫാ. പി.ഏ. ശമുവേൽ, ദി.ശ്രീ. ഫാ. വി.ജെ. മാത്യു, ശ്രീ. എം. ജോർജ്, ശ്രീ. പി.പി. മാത്യു എന്നിവരുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടു. നാമനിർദ്ദേശങ്ങൾ ഒന്നും പിൻവലിക്കപ്പെട്ടില്ല. തുടർന്നു വോട്ടിംഗ് നടത്തിയതിൽ, ദി.ശ്രീ. ഫാ. പി.ഏ. ശമുവേലിനും ശ്രീ. പി.പി. മാത്യുവിനും ഭൂരിപക്ഷം വോട്ടുകൾ കിട്ടി. അവർ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി അദ്ധ്യക്ഷൻ തിരുമേനി പ്രഖ്യാപിച്ചു.*

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ നിര്യാണം, രാജി തുടങ്ങിയ കാരണങ്ങളാലുണ്ടാകുന്ന ഒഴിവുകളിലേക്ക് പകുതിയിലധികം കാലാവധി അവശേഷിച്ചിട്ടുണ്ടെങ്കിൽ co-option നടത്തുകയായിരുന്നു മുൻ പതിവ്. അടുത്ത കാലങ്ങളായി ഈ പതിവു കാണുന്നില്ല. മാനേജിംഗ് കമ്മറ്റി ചുമതലപ്പെടുത്തുന്നതനുസരിച്ച് ഇടവക മെത്രാപ്പോലീത്തായുമായി ആലോചിച്ച് മലങ്കര മെത്രാപ്പോലീത്താ ബന്ധപ്പെട്ട ഭദ്രാസനത്തിൽ നിന്ന് ഒരാളെ നാമനിർദ്ദേശം ചെയ്യുന്ന രീതിയുമുണ്ടായിരുന്നു. മാനേജിംഗ് കമ്മറ്റി തന്നെ പകരക്കാരനെ കണ്ടെത്തി ഏകാഭിപ്രായമായി co-opt ചെയ്യുന്ന രീതിയാണ് കൂടുതലും കണ്ടിട്ടുള്ളത്. അംഗങ്ങളെ co-opt ചെയ്യുന്നതിന് ഒരു voting വേണ്ടിവന്ന മറ്റ് സംഭവങ്ങൾ ഉള്ളതായി ഈ ലേഖകന് അറിവില്ല. അങ്ങനെ മലങ്കര സഭാചരിത്രത്തിൽ അപൂർവമായ ഒരു സ്ഥാനം നേടിയ വ്യക്തിയാണ് ശ്രീ പി.പി. മാത്യു.

**വർഗീസ് ജോൺ തോട്ടപ്പുഴ**

## ദിവ്യബോധനം സെമിനാർ

**ദിവ്യബോധനത്തിന്റെ വിശ്വാസ ദീപ്തി (POCE) ധർമ്മ ദീപ്തി (DOCE) എന്നീ പുസ്തകങ്ങളുടെ സെമിനാർ.**
**14 – 04 – 2018 ശനിയാഴ്ച രാവിലെ 10 മണി മുതൽ ബഥേൽ അരമനയിൽ നടത്തുന്നതാണ്.**



## ഭദ്രാസന **വാർത്തകൾ**

നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവ ആഴ്ചയിലേക്കും ഉയിർപ്പു പെരുന്നാളിലേയ്ക്കും പരിശുദ്ധ സഭ പ്രവേശിക്കുയാണല്ലോ. ഹാശാവാര ശുശ്രൂഷകൾ ജീവിതത്തെ സ്വാധീനിക്കട്ടെ. പുനരുദ്ധാന സന്തോഷം തിരിച്ചറിയുവാൻ ആരാധനകൾ മുഖാന്തരമാകട്ടെ.

2018 – 2023 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭദ്രാസന പൊതുയോഗം മാർച്ച് 24-ന് സമ്മേളിക്കുകയാണല്ലോ. കർമ്മധീരരായ സാരഥികൾ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു. **ഇടവക മെത്രാപ്പൊലീത്ത തിരുമനസ്സുകൊണ്ട് ഹാശാവാര ശുശ്രൂഷകൾക്കും ബഥേൽ അരമനപ്പള്ളിയിൽ നേതൃത്വം നല്കും.**

ഭദ്രാസന ദിന കവർ ധനസമാഹരണം മാർച്ച് മാസം 3-ാം തീയതി ബഥേൽ അരമനയിൽ അഭിവന്ദ്യ ഇടവക മെത്രാപ്പൊലീത്ത നേരിട്ടു സ്വീകരിച്ചു. ഭദ്രാസനത്തിലെ 43 പള്ളികൾ സഹകരിച്ചു. പരിശുദ്ധ സഭാദിനം മാർച്ച് മാസം 18-ന് ആചരിക്കുകയാണ്. അന്ന് വിശുദ്ധ കുർബാനാനന്തരം പരിശുദ്ധ സഭയ്ക്കുവേണ്ടിയും പരിശുദ്ധ പിതാക്കന്മാർക്കുവേണ്ടിയും വിശ്വാസസമൂഹത്തിനുവേണ്ടിയും പ്രാർത്ഥിക്കുകയും കവർ കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിന് ഉത്സാഹിക്കുകയും ചെയ്യണം.

**അഭിവന്ദ്യ തിരുമേനിയുടെ ജന്മദിനമായ ഏപ്രിൽ 3-ന് രാവിലെ പുത്തൻകാവ് കത്തീഡ്രലിൽ അഭിവന്ദ്യ തിരുമനസ്സ് വിശുദ്ധ ബലി അർപ്പിക്കും. പത്തു മണിക്ക് ബഥേൽ അരമനയിൽ കൂടുന്ന ജന്മദിന സമ്മേളനത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ആദ്ധ്യക്ഷം വഹിക്കും. തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവ് തിരുമനസ്സ് സമ്മേളനം ഉദ്ഘാടനം ചെയ്യും. അഭിവന്ദ്യ തിരുമേനിമാരും മറ്റ് പ്രമുഖരും ആശംസകൾ അർപ്പിക്കും. ഭദ്രാസന വൈദിക സംഘത്തിന്റെ ആഭിമുഖ്യത്തിൽ കിഡ്നി - ഡയാലിസിസ് രോഗികൾക്കായി ആരംഭിക്കുന്ന 'കരുതൽ' ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനം, സ്മരണിക പ്രകാശനം എന്നിവ നടത്തപ്പെടും.**

മുൻ സഭാ മാനേജിംഗ് കമ്മറ്റി അംഗം മെഴുവേലി ഹോളി ഇന്നസെന്റ് ഓർത്തഡോക്സ് ഇടവകയിൽ കടവത്രയിൽ മോഹനസദനത്തിൽ ശ്രീ. പി.പി. മാത്യു കർത്താവിൽ നിദ്രപ്രാപിച്ചു. ഭദ്രാസനത്തിനുള്ള അനുശോചനം നേരുന്നു.

കഴിഞ്ഞ അഞ്ചു വർഷത്തിലധികം ഭദ്രാസനത്തിന്റെ എളിയ ചുമതലയിൽ ബലഹീനനായ എന്നെ കരംപിടിച്ച് നടത്തിയ സർവ്വശക്തനായ ദൈവത്തെ നന്ദിയോടെ സ്തുതിക്കുന്നു. ഉത്തരവാദിത്തമേറിയ ചുമതലയിൽ മാർഗ്ഗദർശനമായി നിന്ന് എനിക്ക് കരുത്തും കരുതലും തന്ന മലങ്കര സഭയുടെ വലിയ മെത്രാപ്പൊലീത്ത, മലങ്കരസഭയുടെ പ്രൗഢതേജസ് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടും ഇക്കാലയളവിൽ ഭദ്രാസന ശുശ്രൂഷയിലേക്ക് നിയോഗിതനായ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് തിരുമേനിയോടുമുള്ള ഭക്ത്യാദരവുകൾ രേഖപ്പെടുത്തുന്നു. ഈ ശുശ്രൂഷയിൽ എന്നോടൊപ്പം സഹയാത്രികരായിരുന്ന ബഹു. വൈദിക സഹോദരങ്ങൾക്കും കൗൺസിൽ അംഗങ്ങൾക്കും ഭദ്രാസന പ്രതിനിധികൾക്കും അരമന ഓഫീസ് സ്റ്റാഫിനും ആത്മീയസംഘടനാ പ്രവർത്തകർക്കും മുഴുവൻ വിശ്വാസീ സമൂഹത്തോടും ഉള്ള നന്ദിയും കടപ്പാടും സ്നേഹവും അറിയിക്കുന്നു. ഏവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ നേരുന്നു.

കർതൃശുശ്രൂഷയിൽ

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**
ഭദ്രാസന സെക്രട്ടറി

**പ്രീമാരിറ്റൽ കൗൺസലിംഗ്**
**ബസേലിയോസ് കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 21, ഏപ്രിൽ 14, ഏപ്രിൽ 27 തീയതികളിൽ 9.30 മുതൽ 3.30 വരെ ചെങ്ങന്നൂർ ബഥേൽ അരമനയിൽ – 9447654008**



# എഫേഥാ ചോദ്യാവലി

### ചോദ്യങ്ങൾ

1) യേശുവിന്റെ കാലിൽ പൂശിയ തൈലത്തിന്റെ പേര്?
2) തലമുണ്ഡനം ചെയ്യുമെന്ന പ്രതിജ്ഞ പൗലോസ് നിറവേറ്റിയ സ്ഥലം?
3) ദിനവൃത്താന്ത പുസ്തകങ്ങളുടെ രചയിതാവ്?
4) നിഖ്യാസുന്നഹദോസിൽ ഇൻഡ്യയെ പ്രതിനിധീകരിച്ചു പങ്കെടുത്ത ബിഷപ്പ്?
5) കാതോലിക്കാദിന പിരിവ് ആദ്യമായി ആരംഭിച്ച വർഷം? ഏതു പേരിലായിരുന്നു?
6) "മാന്തളിരിലെ അൻപതു കമ്യൂണിസ്റ്റ് വർഷങ്ങൾ" എന്ന നോവൽ രചിച്ചതാര്?
7) അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നയങ്ങൾക്കെതിരായി പോരാടാൻ ഹിലരി ക്ലിന്റന്റെ നേതൃത്വത്തിൽ ആരംഭിച്ച സംഘടന?
8) പാക്കിസ്ഥാന്റെ മദർ തെരേസ എന്നറിയപ്പെട്ടിരുന്ന വനിത?
9) ഇന്ത്യയിലെ ഇപ്പോഴത്തെ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ?
10) ഏകാന്തത പരിഹരിക്കുന്നതിനുവേണ്ടി അടുത്തിടെ മന്ത്രിയെ നിയമിച്ച രാജ്യം? മന്ത്രി?
11) വേൾഡ് ഫ്യൂച്ചർ എനർജി സമ്മിറ്റ് 2018-ന്റെ വേദി?
12) 2018-നെ ഏതു വർഷമായി ആചരിക്കാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചത്?
13) "ഞാനാണ് രാഷ്ട്രം" എന്നു പ്രഖ്യാപിച്ചത്?
14) "അത്തനാസിയോസ് കോൺട്രാമുണ്ടം" എന്ന പ്രസിദ്ധമായ പ്രസ്താവന ആരുടേത്?
15) "അത്താനാസിയോസ്" എന്ന പേരിന്റെ അർത്ഥം?

### കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1) മക്കാറിയോസ് III സൈപ്രസ് ആർച്ച് ബിഷപ്പ് (1950 - 77) പ്രസിഡന്റ് (1960 - 77)
2) ടർക്കി
3) 24
4) മെസപ്പൊട്ടോമിയാ
5) മനശ്ശെ (56 വർഷം)
6) മത്തായി 5:24
7) ആഖീശ് 1 ശമു. 29:9
8) ഉസ്സിയാവ് 1 ദിന. 26:21
9) മൈക്കലാഞ്ചലോ
10) ഗ്രീസ്
11) ഡോ. വർഗ്ഗീസ് കുര്യൻ
12) യിത്രോ
13) സർ ഓസ്ബോൺ സ്മിത്ത്
14) ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ
15). യെഹ. 3:12

## കഴിഞ്ഞ ലക്കത്തിലെ വിജയികൾ

17 പേർ പങ്കെടുത്തു. 9 പേർ ശരിയായ ഉത്തരം നല്കി. വിജയികളായവരുടെ പേരുവിവരം 1) മിനി ജോൺസൺ മെഴുവേലി, 2) ഷേർലി പ്രസാദ് ഇടവങ്കാട്, 3) തങ്കമ്മ വറുഗീസ് ഇടവങ്കാട്, 4)സോഫിയ രാജൻ മാന്തളിർ, 5) സാലി തോമസ് കുടശ്ശനാട്, 6) അന്നമ്മ വറുഗ്ഗീസ് മുളക്കുഴ, 7) സുമ കുര്യാക്കോസ് ഓതറ, 8) ഓമന പി. കോശി പുത്തൻകാവ്, 9) സൂസമ്മ മാനു വള്ളംകുളം എന്നിവരെ അനുമോദിക്കുന്നു.

വിജയികളായവരിൽ നിന്ന് നറുക്കിട്ട് എടുത്ത് ഇടവങ്കാട് സെന്റ് മേരീസ് ഇടവകാംഗമായ ഷേർലി പ്രസാദ് സമ്മാനാർഹയായതായി പ്രഖ്യാപിക്കുന്നു. സമ്മാനം ബഹു. ഇടവക വികാരിയിൽ നിന്ന് ഏറ്റുവാങ്ങേണ്ടതാണ്.

*12 മാസം തുടർച്ചയായി വിജയം കൈവരിക്കുന്നവർക്ക് പ്രത്യേക സമ്മാനം നല്കുന്നതാണ്. ഈ ലക്കത്തിലെ ചോദ്യങ്ങളുടെ ഉത്തരം ഏപ്രിൽ 7-ന് മുമ്പായി ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. നം. 38, ബഥേൽ അരമന ചെങ്ങന്നൂർ എന്ന വിലാസത്തിൽ അയച്ചു തരിക. ബഥേൽ പത്രികയുടെ ലേഖനങ്ങളും അന്വേഷണത്തിന്റെയും പഠനത്തിന്റെയും പരിധിയിലാക്കണം. വേദപഠനത്തോടൊപ്പം പത്രികയിലെ രചനകൾ മനസ്സിരുത്തി വായിച്ച് ഉത്തരം കണ്ടെത്തുവാൻ ശ്രമിക്കുക.*

ഹരിത പത്രിക



# കുറ്റികുരുമുളക്

**പി.എ. ഐസക്,** കുറ്റൂർ

വീട്ടാവശ്യത്തിനുള്ള കുരുമുളകിന് നാലഞ്ചു ചെടിച്ചട്ടികളിൽ കുറ്റിക്കുരുമുളക് വളർത്തിയാൽ മതി. മുറ്റത്തോ ടെറസ്സിനു മീതെയോ ഇവ ക്രമീകരിക്കാം.

കുറ്റിക്കുരുമുളക് തൈകൾ വീട്ടിൽതന്നെ ഉണ്ടാക്കാം. തൈകൾ നല്ല പരിചരണം നല്കിയാൽ ആറ് മാസത്തിനുള്ളിൽ തന്നെ തിരിപിടിക്കും. വർഷം മുഴുവൻ കുരുമുളക് ലഭിക്കും.

**കുരുമുളകിൽ 3 തരത്തിലുള്ള ശാഖകൾ ഉണ്ട്.**

1. **കേറുതലകൾ** – നേരെ വളരുന്നതും പറ്റുവേരുകളാൽ താങ്ങ് കാലുകളിൽ പറ്റിപ്പിടിച്ചു വളരുകയും ചെയ്യുന്ന ശാഖകളാണ് കേറുതലകൾ.
2. **ചെന്തലകൾ** – ചെടിയുടെ കടഭാഗത്തുനിന്നും മണ്ണിന് സമാന്തരമായി വളരുന്ന ചെന്തലകൾ ആണ് പ്രധാനമായും പ്രജനനത്തിന് ഉപയോഗിക്കുന്നത്.
3. **കണ്ണിതലകൾ**– തായ്തണ്ടിൽനിന്നും വളരുന്ന വിളവു തരുന്ന പാർശ്വശാഖകളെ കണ്ണിതലകൾ എന്നു പറയുന്നു.

ഒരു വർഷം മൂപ്പുള്ള പാർശ്വശിഖരങ്ങൾ നട്ടാണ് വേരുപിടിപ്പിക്കുന്നത്. മൂന്നു മുതൽ അഞ്ചുവരെ മുട്ടോടു കൂടി മുറിച്ചെടുത്ത പാർശ്വശിഖരങ്ങളിലെ ഇലകൾ ഞെട്ടിൽ അല്പം നിർത്തി മുറിക്കണം. ഇവ 20–30 മിനിറ്റ് സമയം 0.25 വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡ് ലായനിയിൽ മുക്കി വയ്ക്കണം. ഇതിലൂടെ കുമിൾ രോഗബാധ നിയന്ത്രിക്കാം.

കുറ്റിക്കുരുമുളക് നടുമ്പോൾ വേരുപിടിച്ചു കിട്ടാത്തതാണ് പ്രധാന പ്രശ്നം. ഇതിന് പാർശ്വശിഖരങ്ങൾ, വേരുപിടിത്തം കൂട്ടുന്ന സെറാക്സ് / റൂട്ടക്സ് എന്നീ ഹോർമോണിൽ മുക്കിയിട്ട് നടണം.

പോളിബാഗുകളിൽ നടീൽ മിശ്രിതം നിറച്ച് 3–4 തലപ്പുകൾ വീതം നടാം. നല്ല നനയും തണലും നല്കാൻ മറക്കരുത്. മൂന്നുമാസം കഴിയുമ്പോഴേക്കും വേരുപിടിച്ചു കിട്ടും. ഇവയ്ക്ക് നല്ല കരുത്തു കിട്ടാൻ ട്രൈക്കോഡെർമകൾച്ചർ ചേർക്കണം. ഒരു കിലോ നടീൽ മിശ്രിതത്തിന് ഒരു ഗ്രാം എന്ന കണക്കിൽ ട്രൈക്കോഡെർമ ചേർക്കണം. ചെടിച്ചുവട്ടിൽ ആഴ്ചയിലൊരിക്കൽ സ്യൂഡോമോണാസ് പത്ത് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തിളക്കിയ ലായനി ഒഴിച്ചു കൊടുക്കുന്നതും നല്ലതാണ്.

വിസ്താരമേറിയ ചെടിച്ചട്ടികളിലോ നേരിട്ട് തറയിലെ കുഴികളിലോ കുറ്റിക്കുരുമുളക് തൈ നടാം. ചെടിച്ചട്ടിയിൽ നല്ല നീർവാർച്ചയുറപ്പാക്കണം. ഇതിന് ചട്ടിയുടെ അടിഭാഗത്ത് ദ്വാരമുണ്ടായിരിക്കണം., ഇതിൽ 2:1:1 അനുപാതത്തിൽ മണ്ണും മണലും കാലിവളപ്പൊടിയും ചേർത്തിളക്കിയ നടീൽ മിശ്രിതം നിറയ്ക്കണം. ചെടിച്ചട്ടിയുടെ ഏറ്റവും അടിവശത്ത് ഓടു കഷണം, ചരൽ എന്നിവ നന്നായി നിരത്തണം.

ഇതിലേക്ക് വേരുപിടിപ്പിച്ച തൈകൾ നടാം. വർഷകാലാരംഭത്തിൽ പോളി ബാഗ്, ബ്ലെയിഡ് ഉപയോഗിച്ച് കീറി മണ്ണു സഹിതം വേരുപൊട്ടാതെ ചെടിച്ചട്ടിയിൽ നട്ടുനനച്ച് തണലിൽ വയ്ക്കണം. തൈകൾക്ക് ചുവട്ടിൽ ട്രൈക്കോഡെർമ കൾച്ചർ, സ്യൂഡോമോണാസ് എന്നിവ നല്കണം. ചെടിച്ചട്ടിയിൽ നന്നായി വേരോടി, വളർന്നുകഴിഞ്ഞാൽ 50 ഗ്രാം. എല്ലുപൊടി മാസത്തിലൊരിക്കൽ ചട്ടിയിൽ ചേർക്കണം. ഒന്നിടവിട്ട മാസം 20 ഗ്രാം കടലപ്പിണ്ണാക്ക് 30 ഗ്രാം വേപ്പിൻ പിണ്ണാക്ക് എന്നിവ ചേർക്കണം. ചെടി വളർന്നു വരുന്നതിനനുസരിച്ച് വശത്തേക്ക് വളരുന്ന ശാഖകൾ മുറിച്ചു നേരേ നിർത്തി, കുറ്റിയാക്കി നിർത്തണം.

## സെന്റ് സ്റ്റീഫൻസ് അവാർഡ്

കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിലെ പടിഞ്ഞാറുഭാഗം യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നല്കിവരുന്ന സെന്റ് സ്റ്റീഫൻസ് അവാർഡിനു ബാംഗ്ലൂർ ദയാഭവൻ മാനേജർ ഫാ. ജിനേഷ് വർക്കി അർഹനായി. എയ്ഡ്സ് രോഗികളുടെ ശുശ്രൂഷയും പുനരധിവാസവും, അവരുടെ മക്കളുടെ പഠനത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നേതൃത്വം നല്കുന്ന ബഹു. അച്ചന് ഇടവകയുടെ പെരുന്നാൾ ദിനത്തിൽ കൊച്ചി ഭദ്രാസനാധിപൻ യാക്കോബ് മാർ ഐറേനിയോസ് തിരുമനസ്സുകൊണ്ട് അവാർഡ് ഫലകവും, ക്യാഷ് അവാർഡും നല്കി അനുമോദിക്കുകയുണ്ടായി.




# പിതൃവന്ദനം

സ്നേഹമുള്ള കൂട്ടുകാരെ,

വിദ്യാർത്ഥികളെ അഥവാ കുട്ടികളെ ഏറെ കരുതുകയും സ്നേഹിക്കയും ചെയ്യുന്ന ഒരു പിതാവ് നമുക്കുണ്ടെന്നതാണ് നിങ്ങൾക്കു ലഭിച്ച ഏറ്റവും വലിയ ഭാഗ്യം. 80-ാം വയസ്സിലും സന്തോഷത്തോടെ, പുതുതലമുറയെ കാണുമ്പോൾ എല്ലാം മറന്ന് വാചാലനാകുന്ന നമ്മുടെ അത്താനാസിയോസ് പിതാവ് കുട്ടികൾക്കും വിദ്യാർത്ഥികൾക്കും എന്നും പ്രചോദനമാണല്ലോ.

അവസരം കിട്ടുമ്പോഴെല്ലാം വിദ്യാഭ്യാസത്തിന്റെ ആനുകാലിക സാദ്ധ്യതകളെപ്പറ്റിയും, കുട്ടികളുടെ വ്യക്തിത്വ വികസനത്തെപ്പറ്റിയുമൊക്കെ അധികാരസ്ഥാനങ്ങളിൽ എത്തിക്കുവാൻ ശ്രദ്ധിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെദീർഘവീക്ഷണവും വിലപ്പെട്ട അഭിപ്രായങ്ങളും പലപ്പോഴും ചുമതലപ്പെട്ടവർ അർഹിക്കുന്ന പ്രാധാന്യത്തോടെ ശ്രദ്ധിക്കയും പ്രായോഗികമാക്കുവാൻ ശ്രമിക്കയും ചെയ്യാറുണ്ട്.

ഇന്ന് നിങ്ങളുടെ സമഗ്ര വ്യക്തിത്വ വികസനത്തിനായി ഭദ്രാസനത്തിൽ നടത്തിവരുന്ന ഗുരുവന്ദനം, വിദ്യാജ്യോതി, വിവിധ സ്കോളർഷിപ്പുകൾ മുതലായവ തിരുമേനിയുടെ ഈ മേഖലയിലുള്ള താല്പര്യവും ആത്മാർത്ഥതയും പ്രകടമാക്കുന്നതാണ്.

അവസരം കിട്ടുമ്പോഴെല്ലാം കുട്ടികളുടെ നല്ല ഭാവിയെയും, നല്ല വിദ്യാഭ്യാസത്തെപ്പറ്റിയും എഴുതുകയും പഠിപ്പിക്കയും ചെയ്യുന്ന തിരുമേനി ഭാവിതലമുറ കുറ്റമറ്റതായിരിക്കണം എന്ന ചിന്തയെ പ്രാധാന്യത്തോടെ സമൂഹത്തിനു നല്കയാണ് ചെയ്യുന്നത്.

ബഥേൽ പത്രികയുടെ ഇടയലേഖനങ്ങൾ പലതും കുഞ്ഞുങ്ങൾക്കുവേണ്ടി മാത്രമായി ഉപയോഗിച്ചിട്ടുള്ളത് വളരെ ശ്രദ്ധേയമാണ്.

'മാറിക്കൊണ്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ ലോകം'
*(ബഥേൽ പത്രിക ആഗസ്റ്റ് 2011)*

'സണ്ടേസ്കൂൾ പഠനം മാറ്റിവച്ചാൽ അപകടം'
*(ബഥേൽ പത്രിക ജനുവരി 2013)*

വ്യക്തിത്വ വികസനം വിദ്യാഭ്യാസത്തിലൂടെ'
*(ബഥേൽ പത്രിക ഏപ്രിൽ 2013)*

മുതലായ ഈടുറ്റ 'ഇടയപത്രികകൾ' വരും തലമുറയ്ക്ക് ശരിയായ വെളിച്ചം നല്കുന്നതാണ്.

'വരുംതലമുറയും, ഈ ഇരിക്കുന്ന ഓരോ കുഞ്ഞുങ്ങളും എന്നെക്കാൾ മിടുക്കരാകുമ്പോഴാണ് ഞാൻ ഏറെ സന്തോഷിക്കുന്നത്" എന്ന് തന്റെ മുന്നിലിരിക്കുന്ന കുട്ടികളെ നോക്കി നമ്മുടെ പിതാവ് ആവർത്തിക്കുമ്പോൾ, കൂടുതൽ മിടുക്കരാകുവാനുള്ള ഊർജ്ജം ആ ശബ്ദവീചികളിലൂടെ നിങ്ങളെ സ്വാധീനിക്കാറില്ലേ?

കൂട്ടുകാരെ, നിങ്ങളുടെ തിരുമേനി അപ്പച്ചന്റെ ആഗ്രഹത്തിന് അനുസരിച്ച് നിങ്ങൾ വളർന്നുവന്നാൽ അതാണ് ഈ 80-ാം ജന്മദിനത്തിൽ നിങ്ങൾക്ക് സമർപ്പിക്കുവാൻ കഴിയുന്ന ഏറ്റവും വലിയ പിറന്നാൾ സമ്മാനം.

നവംബർ 14 ശിശുദിനമായി ആഘോഷിക്കുവാനുള്ള കാരണം ചാച്ചാ നെഹ്റുവിന് കുട്ടികളോടുള്ള സ്നേഹമാണെങ്കിൽ നിശ്ചയമായും ഏപ്രിൽ 3 നമുക്കും ശിശുദിനമായി ആഘോഷിക്കുവാൻ കാരണമില്ലേ? നിങ്ങളെ കരുതുന്ന നിങ്ങളുടെ തിരുമേനി അപ്പച്ചന്റെ ഈ 80-ാം ജന്മദിനത്തിൽ നമുക്ക് എല്ലാ പ്രാർത്ഥനകളും ആശംസകളും തൃപ്പാദത്തിങ്കൽ സമർപ്പിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ **ആനിച്ചേച്ചി**

## വി. യുദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

ഒരു വിശ്വാസി

## കഷ്ടതകളിൽ ദൈവകരങ്ങൾ മുറുകെ പിടിക്കുക

ദൈവവിശ്വാസികൾ കഷ്ടതകളിൽ ദൈവശക്തിയെ ആശ്രയിക്കുന്നവരും ദൈവകരങ്ങളിൽ മുറുകെ പിടിക്കുന്നവരുമാകണമെന്ന് വള്ളിക്കാട് ദയറ മാനേജർ വെരി റവ. ബർശ്ലീബി റമ്പാൻ പറഞ്ഞു. തോട്ടപ്പുഴ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ നേതൃത്വത്തിൽ നടന്ന ആത്മിക സംഘടനാ വാർഷിക യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇടവക വികാരി ഫാ. വിമൽ മാമ്മൻ ചെറിയാൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡീക്കൻ ടോജി വർഗ്ഗീസ് വളഞ്ഞവട്ടം, ഭദ്രാസന കൗൺസിൽ അംഗം റോയി ചാണ്ടപ്പിള്ള, ഇടവക സെക്രട്ടറി തോമസ് പി. രാജൻ, പ്രൊഫ. എം. റ്റി. മാത്യു എന്നിവർ പ്രസംഗിച്ചു.



## സൺഡേസ്കൂൾ വാർത്തകൾ

2018 വർഷത്തെ സണ്ടേസ്കൂളിന്റെ പ്രവർത്തനത്തിന് പുതിയ ഒരു ദിശാബോധം ലഭ്യമാക്കുവാൻ തക്ക വണ്ണം ആഗ്രഹിക്കുകയും, അതനുസരിച്ച് യൂണിറ്റു തലത്തിലുള്ള ഏവരുടേയും ആത്മാർത്ഥമായ സഹ കരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**പ്രഥമാധ്യാപക സമ്മേളനം**

2018 ഫെബ്രുവരി 24-ാം തീയതി ശനിയാഴ്ച ബഥേൽ അരമനഹാളിൽ വച്ച് സണ്ടേസ്കൂൾ ഭദ്രാസനതല പ്രഥമാധ്യാപകരുടെ യോഗം നടത്തപ്പെട്ടു. ഭദ്രാസന മെത്രാപ്പൊലീത്താ അഭിവന്ദ്യ തോമസ് മാർ അത്താ നാസിയോസ് തിരുമേനി യോഗം ഉദ്ഘാടനം ചെയ്തു. ഭാവിതലമുറയെ നല്ല ദിശാബോധത്തോടെ നയിക്കേ ണ്ടതും പ്രോത്സാഹനം നല്കേണ്ടതും സണ്ടേസ്കൂൾ അധ്യാപകരുടെ ചുമതയാണെന്ന് ഉദ്ബോധിപ്പിച്ചു. ഭദ്രാസന സെക്രട്ടറി ബഹു. തോമസ് കൊക്കാപ്പറ മ്പിൽ അച്ചൻ ആശംസകൾ നേർന്നു. ബഥേൽ പത്രി കയുടെ ചീഫ് എഡിറ്റർ ബഹു. ഐപ്പ് പി. സാം അച്ചൻ കാലഘട്ടത്തിനനുസൃതമായ ഒരു ക്ലാസ്സ് എടു ക്കുകയുണ്ടായി.

വൈസ് പ്രസിഡന്റ് ബഹു. മാത്യു വർഗ്ഗീസ് അച്ചൻ അധ്യക്ഷ പ്രസംഗം നടത്തി. തുടർന്നു നടന്ന ചർച്ചയിൽ OVBS വേനൽക്കാല കുട്ടികളുടെ ക്ലാസ് എന്നിവ സം ബന്ധിച്ച് ചർച്ച ചെയ്തു. യോഗത്തിൽ ഡയറക്ടർ സ്വാഗതവും, സെക്രട്ടറി ശ്രീ. സി.എം. തോമസ് നന്ദിയും രേഖപ്പെടുത്തി.

**OVBS ക്ലാസ്സ്**

ഏപ്രിൽ ആദ്യ വാരത്തിൽ തന്നെ യൂണിറ്റുകൾ തുട ങ്ങുവാനുള്ള ക്രമീകരണം നടത്തേണ്ടതാണ്. എന്നു മുതൽ ക്ലാസ്സുകൾ യൂണിറ്റുതലത്തിൽ തുടങ്ങും എന്ന വിവരം ചുമതലപ്പെട്ടവരെ അറിയിക്കേണ്ടതാണ്. കൂ ടാതെ ഓരോ യൂണിറ്റിനും എത്ര പുസ്തകം വേണ മെന്ന വിവരം നേരത്തേ അറിയിക്കുന്നവർക്കുമാത്രമേ പുസ്തകം ലഭ്യമാക്കുവാൻ കഴിയൂ.

**പാഠ്യമത്സര വിജയികൾ**

2017-ലെ പരീക്ഷയിൽ താഴെപ്പറയുന്ന വിദ്യാർത്ഥിക ൾക്ക് A+ ലഭിക്കുകയുണ്ടായി. പ്രത്യേകം കുട്ടികളെയും അദ്ധ്യാപകരേയും മാതാപിതാക്കളെയും അനുമോ ദിക്കുന്നു.

ക്ലാസ് 9 - **മെറിൻ സൂസൻ ബാബു**
സെന്റ് സ്റ്റീഫൻസ് കുടശ്ശനാട് (വെസ്റ്റ്)

ക്ലാസ് 7 - **ആശിഷാ മറിയം വിത്സൻ**
സെന്റ് തോമസ്, കുരമ്പാല

**ക്യാമ്പ്**

സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഒരു ക്യാമ്പ് ഏപ്രിൽ മാസം നടത്തുവാൻ തക്കവണ്ണം പ്രഥമാ ദ്ധ്യാപക സമ്മേളനത്തിൽ ആലോചിക്കുകയുണ്ടായി. ഡിസ്ട്രിക്ട് തലത്തിൽ ചിന്തിക്കുവാൻ തക്കവണ്ണം ഭദ്രാസനത്തിൽ നിന്നും നിർദ്ദേശങ്ങൾ നല്കുന്ന മുറയ്ക്ക് വേണ്ടതായ ക്രമീകരണം ചെയ്യേണ്ടതാണ്.

ഭദ്രാസന സണ്ടേസ്കൂൾ കൗൺസിലിനുവേണ്ടി,

**വർഗ്ഗീസ് ജി. കാവുംപുറം,** ഡയറക്ടർ

## കാൽകഴുകൽ ശുശ്രൂഷ

പീഡാനുഭവവാര ശുശ്രൂഷകൾക്ക് ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിൽ ഡൽഹി ഭദ്രാസനാധിപൻ അഭി. ഡോ. യൂഹനോൻ മാർ ദമത്രിയോസും ബഥേൽ അരമന പള്ളിയിൽ ഇടവക മെത്രാപ്പൊലീത്താ അഭി. തോമസ് മാർ അത്താനാസി യോസ് തിരുമേനിയും കാർമ്മികത്വം വഹിക്കും.

## പ്രാർത്ഥനയോഗ വാർഷികം

ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനയോഗ വാർഷികം ബഥേൽ അരമനയിൽ നടന്നു. വൈസ് പ്രസിഡന്റ് ഫാ. സി. കെ. ഗീവർ ഗ്ഗീസ് അധ്യക്ഷതവഹിച്ച യോഗം അഭി. തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്തു. അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് അനുഗ്രഹപ്രഭാഷണവും ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ മുഖ്യ സന്ദേശവും നല്കി. പ്രൊഫ. ജോസ് വി. ഡാനിയേൽ ക്ലാസു നയിച്ചു. ഭദ്രാസന സെക്രട്ടറി രാജൻ കെ. മാത്യു, ഡോ. കെ.സി. ചാക്കോ എന്നിവർ നേതൃത്വം നല്കി.